# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുടരഞ്ഞി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P11/1796/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/11/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P11/1796/24 തീയ്യതി: 26/11/2024

## കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 29-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നന്ദന എസ്. പിള്ളൈ (കെ.എ.എസ് ) | ഡെപ്യൂട്ടി ഡയറക്ടർ | 30-09-2024 | 08-10-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 30-09-2024 | 08-10-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പ്രസീത കുമാരി.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആദർശ് ജോസഫ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. സുരേഷ് കുമാർ. കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അജിത്ത്. പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 08-08-2023 |
| ശ്രീ. സൂരജ് | അസിസ്റ്റന്റ് സെക്രട്ടറി | 09-08-2023 | 20-02-2024 |
| ശ്രീമതി. സീമ. എ.പി | അസിസ്റ്റന്റ് സെക്രട്ടറി | 21-02-2024 | 31-03-2024 |
| ശ്രീ. രാജേഷ്. ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ. മുഹമ്മദ്. പി.എം | കൃഷി ഓഫീസർ | 01-04-2023 | 29-11-2023 |
| ശ്രീ. ഷബീർ അഹമ്മദ്. കെ.എ | കൃഷി ഓഫീസർ | 30-11-2023 | 31-03-2024 |
| ശ്രീമതി. ഫസ്ലി. പി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. ദേവസ്യ. പി.ജെ | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ഡോ. പ്രിയ. കെ.വി | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 01-04-2023 | 14-07-2023 |

| | | | |
|---|---|---|---|
| ഡോ. നസ്റുൽ ഇസ്ലാം | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 15-07-2023 | 31-03-2024 |
| ഡോ. സല്ലി. പി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 02-07-2023 |
| ഡോ. ഹബീനത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03-07-2023 | 31-03-2024 |
| ഡോ. ഡിജേഷ് ഉണ്ണികൃഷ്ണൻ | വെറ്റനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. ബിജി. പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 03-09-2023 |
| ശ്രീമതി. ഷേളിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-09-2023 | 31-03-2024 |
| ശ്രീമതി. റജി മോൾ | ഡയറി എക്സ്റ്റഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും സമർപ്പിച്ചില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട് | 1-1-2 |
| 4 | ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-4 |
| 6 | ബാങ്ക് ബുക്കുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-1-5 |
| 7 | ബാങ്ക് റീകൺസിലിയേഷൻ പത്രികകളിൽ അപാകതകൾ | 1-1-6 |
| 8 | അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ വിവരങ്ങളില്ല | 1-1-8 |
| 10 | ജലനിധി : ബി-4, ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വികസന ഫണ്ട് (എസ്.സി.പി) - ധനകാര്യപത്രികയും ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | തൊഴിൽ നികുതി മുൻകൂർ വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | പണമാകാത്ത ചെക്കിന്മേൽ തുടർ നടപടികളില്ല | 1-1-12 |
| 14 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പടുത്തിയില്ല | 1-1-13 |
| 15 | ദുരിതാശ്വാസ നിധി - വിവരങ്ങളില്ല | 1-1-14 |
| 16 | നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി | 1-1-15 |
| 17 | വാടക ബാധ്യത ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-16 |
| 18 | ആസ്തികൾ മൂല്യാധിഷ്ഠിതമാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-17 |
| 19 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-18 |
| 20 | ഇൻവെസ്റ്റ്മന്റ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-19 |
| 21 | ലോൺ രജിസ്റ്റർ- അപാകത | 1-1-20 |
| 22 | മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ | 1-1-21 |

| | | |
|---|---|---|
| | അക്കൗണ്ട് ചെയ്തില്ല | |
| 23 | ബഡ്ജറ്റ് | 1-2 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഫണ്ട് വിനിയോഗം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 29 | ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിലെയും, പൊരുത്തപ്പെടുത്തലുകൾ നടത്തുന്നതിലെയും അപാകതകൾ | 1-8 |
| 30 | അഡ്വാൻസ് രജിസ്റ്റർ - അപാകതകൾ | 1-9 |
| 31 | ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകതകൾ | 1-10 |
| 32 | തനതുഫണ്ട് അക്കൗണ്ടുകളിൽ പകുതിയിലധികവും തനതുവരവല്ലാത്ത തുകകൾ | 1-11 |
| 33 | വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല | 1-12 |
| 34 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല | 1-13 |
| 35 | ക്വാറികൾക്ക് ലൈസൻസ്-അപാകതകൾ | 1-14 |
| 36 | കൂടരഞ്ഞി കമ്മ്യൂണിററി ഹാൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് | 1-15 |
| 37 | ട്രസ്സ് വർക്ക് പെയിന്റിംഗിന് അധിക തുക അനുവദിച്ചു | 1-16 |
| 38 | നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്ത സ്ഥലം വിലക്ക് വാങ്ങി | 1-17 |
| 39 | സോളാർ പവർ പ്ലാന്റ് - പദ്ധതി പൂർത്തീകരിച്ചില്ല | 1-18 |
| 40 | വിനിയോഗം, കൈപ്പറ്റ് എന്നിവ ഇല്ല | 1-19 |
| 41 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-20 |
| 42 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 43 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 1,37,447 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-22 |
| 44 | പുഴ സൈഡ് കെട്ട് പ്രവൃത്തികളിൽ ഏകീകൃത സ്വഭാവമില്ല | 1-23 |
| 45 | തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സിമന്റിന്റെ വില ഉറപ്പാക്കുന്നില്ല | 1-24 |
| 46 | എ.സി.ആർ - ചെലവുപത്രിക വ്യത്യാസം | 1-25 |

| | | |
|---|---|---|
| | പരിഹരിക്കേണ്ടതാണ്. | |
| 47 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൂടരഞ്ഞി കമ്മ്യൂണിററി ഹാൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് | 3-1 |
| 2 | ട്രസ്സ് വർക്ക് പെയിന്റിംഗിന് അധിക തുക അനുവദിച്ചു | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.2024 തീയതിയിലെ 4/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 12.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത്‌രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കോഴിക്കോട്
26.11.2024

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 എല്ലാ പത്രികകളും സമർപ്പിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) ഇ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 62 (2) എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തേണ്ടതും, 62 (3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇവയൊന്നും ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകത 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1-1 പ്രകാരം ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണെങ്കിലും ആയത് പരിഹരിക്കപ്പെടാതെയാണ് തൻവർഷവും ധനകാര്യപത്രിക തയ്യാറാക്കി പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട്

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (8,82,14,772/-) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (96,100,64/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽനികുതി, കെട്ടിടങ്ങളിൽ നിന്നുള്ള വാടക എന്നിവയുടെ ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് പുതിയ ഡിമാന്റുകൾ ഉൽഭവിക്കുന്ന മുറയ്ക്കും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതിന് പകരം 31.03.2024 മാത്രമാണ് ആണ് ലെഡ്ജറുകളിൽ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-4 ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

### 1-1-5 ബാങ്ക് ബുക്കുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

ബാങ്ക് ബുക്കുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഉദാ:- IDBI സ്വച്ഛ് ഭാരത് മിഷൻ അക്കൗണ്ടിലെ (അക്കൗണ്ട് നം. 0114104000286046) പാസ് ബുക്കിൽ സാമ്പത്തിക വർഷം മുഴുവനും ഉള്ള വരവ് ചെലവുകൾ 31.03.2024 നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-6 ബാങ്ക് റീകൺസിലിയേഷൻ പത്രികകളിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയതിൽ അപാകതകളുണ്ട്. (ഖണ്ഡിക 1-8 ൽ വിശദമായി പരാമർശിച്ചത് കാണുക).

### 1-1-7 അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്ററിലെയും ഡെപ്പോസിറ്റ് രജിസ്റ്ററിലെയും രേഖപ്പെടുത്തലുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. അഡ്വാൻസുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല. (ഇതു സംബന്ധിച്ച അപാകതകൾ ഖണ്ഡിക 1-9, 1-10 എന്നിവയിൽ വിശദമായി പരാമർശിച്ചത് കാണുക).

### 1-1-8 പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ വിവരങ്ങളില്ല

ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ (Grants, Funds And Contributions For Specific Purposes) പ്രകാരമുള്ള ഗ്രാന്റുകളിൽ പ്രത്യേക ബാങ്ക് അക്കൗണ്ടിലല്ലാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഗ്രാന്റ് വിഹിതങ്ങളുടെ വരവ്-ചെലവ് വിവരങ്ങളും മറ്റ് വിശദാംശങ്ങളുമടങ്ങിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. (ഖണ്ഡിക 1-11 ലെ പരാമർശം കൂടി കാണുക).

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലഭിച്ചിട്ടുള്ള ഗ്രാന്റിൽ 2,40,574/- രൂപ മാത്രമേ ചെലവഴിക്കാതെ ശേഷിക്കുന്നുള്ളൂ. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ഈ ഇനത്തിൽ 4,50,000/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. സ്വച്ഛ് ഭാരത് അഭിയാനുമായി ബന്ധപ്പെട്ട് ലഭിച്ച 6,19,000/- രൂപയും ചെലവഴിക്കാതെ ശേഷിക്കുന്നതായി പ്രസ്തുത ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

### 1-1-9 ജലനിധി : ബി-4, ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച വിഹിതത്തിൽ 3,12,795/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരം ഇതുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ (നം. 1698101009314, കാനറാ ബാങ്ക് ) 1,58,916/- രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ.

### 1-1-10 വികസന ഫണ്ട് (എസ്.സി.പി) - ധനകാര്യപത്രികയും ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (എസ്.സി.പി) ഇനത്തിലെ തൻവർഷ ചെലവ് തുക (സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം) 18,80,000/- രൂപയാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ I-6 ഷെഡ്യൂളിൽ ആയത് 18,80,270/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-11 തൊഴിൽ നികുതി മുൻകൂർ വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് (ബി-9 ഷെഡ്യൂൾ) പ്രകാരം തൊഴിൽ നികുതി മുൻകൂർ വരവ് 1,76,050/- രൂപയാണ്. എന്നാൽ 2023-24 ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഇത് 64,600/- രൂപയാണ്.

### 1-1-12 പണമാകാത്ത ചെക്കിന്മേൽ തുടർ നടപടികളില്ല

കുടരഞ്ഞി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 101100010000108) 31.03.2024 ന്റെ റീക്കൺസീലിയേഷൻ പത്രികയിൽ 25.09.2018 ന് ലഭിച്ച 1,250/- രൂപയുടെ ചെക്ക് നാളിതുവരെ കളക്ഷൻ ആവാത്തതായി കാണിച്ചിട്ടുണ്ട്. പ്രസ്തുത ചെക്കിനെ സംബന്ധിച്ച വിശദാംശങ്ങളോ, ചെക്ക് പണമാകാത്തതിനെ തുടർന്ന് സ്വീകരിച്ച തുടർനടപടികളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1-5, 1-10 എന്നിവയിൽ മേൽ അപാകത പരാമർശിച്ചിട്ടുള്ളതാണ്. ലഭിച്ച് 6 വർഷത്തിലേറെ കഴിഞ്ഞിട്ടും പ്രസ്തുത ചെക്ക് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാതെ റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തി വരുന്നത് ശരിയായ നടപടിയല്ല.

## 1-1-13 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പടുത്തിയില്ല

ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 37791755139, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോടഞ്ചേരി ശാഖ) സാമ്പത്തിക വർഷാവസാനം 2,14,605/- രൂപയുടെ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറുകയോ, വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-1-14 ദുരിതാശ്വാസ നിധി - വിവരങ്ങളില്ല

ബാലൻസ് ഷീറ്റിലെ ബി-2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ദുരിതാശ്വാസ നിധിയിൽ 5,030/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതു സംബന്ധമായി രജിസ്റ്ററോ, രശീതി പുസ്തകങ്ങളോ, ബാങ്ക് അക്കൗണ്ട് വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-15 നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി

വാർഷിക കണക്കിലെ ബി-17 ഷെഡ്യൂൾ പ്രകാരം കേരള ഗ്രാമീൺ ബാങ്കിലുള്ള പെൻഷൻ അക്കൗണ്ടിൽ (അക്കൗണ്ട് നം. 40180101010891) 6,385/- രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് 21.06.2022 ന് ക്ലോസ് ചെയ്യപ്പെട്ടിട്ടുള്ളതും നീക്കിയിരിപ്പ് തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. മേൽ അപാകത 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1-14, 1-11 എന്നിവയിൽ പരാമർശിച്ചിട്ടുള്ളതാണെങ്കിലും ആയത് പരിഹരിക്കപ്പെട്ടിട്ടില്ല. കൂടാതെ വാർഷിക ധനകാര്യ പത്രികയിൽ South Indian Bank (QR Code Payment (111) അക്കൗണ്ടിൽ 500 രൂപ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് നിലവിലില്ല.

## 1-1-16 വാടക ബാധ്യത ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്ത് വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷാവസാനം 21,498/- രൂപ വാടക ബാധ്യതയുണ്ട് (കുമ്പാറ മാവേലി സ്റ്റോറിന് വേണ്ടി ശ്രീ തോമസ് കെ.ജെ, കുന്നേൽ ഹൗസ് എന്നിവരിൽ നിന്ന് വാടകയ്ക്കെടുത്ത മുറിയുടെ 3 മാസത്തെ വാടക – 3 X 7,166 = 21,498/-). പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-17 ആസ്തികൾ മൂല്യാധിഷ്ഠിതമാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമാക്കി ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. സ്റ്റേഷനറി/ സ്റ്റോറുകളുടെ നീക്കിയിരിപ്പ് വാല്യൂ ബേസ്ഡ് ആയി കണക്കാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റേഷനറി/സ്റ്റോർ നീക്കിയിരിപ്പ് മൂല്യമായി കാണിച്ചിരിക്കുന്ന 16,500/- രൂപയുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-1-18 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11(a) ഷെഡ്യൂൾ പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-1-19 ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന് 1,100/- രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. എന്നാൽ ഇതു സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററോ, നിക്ഷേപ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-20 ലോൺ രജിസ്റ്റർ- അപാകത

ലോൺ രജിസ്റ്റർ പ്രകാരം ഹഡ്കോ ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാൻ ഉള്ളതായി കാണിച്ചിട്ടുള്ള തുക വാർഷിക കണക്കിലെ ബി-5 ൽ കാണിച്ചിട്ടുള്ള ബാധ്യതാ തുകയുമായി പൊരുത്തപ്പെടുന്നില്ല. (വിശദാംശങ്ങൾ ഖണ്ഡിക 4-5 ൽ ചേർത്തത് കാണുക.

## 1-1-21 മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല

ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മെയിന്റനൻസ് ഫണ്ടിൽ നിന്നുള്ള ചെലവുകളൊന്നും വാർഷിക ധനകാര്യപത്രികയുടെ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-2 ബഡ്ജറ്റ്

കുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.03.2023 തീയതിയിലെ 01/01 നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബഡ്ജറ്റ് 09.02.2024 ലെ 01/01 നമ്പർ തീരുമാനപ്രകാരവും അംഗീകരിക്കപ്പെട്ടു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 60,13,808 |
| വരവ് | 21,15,10,470 |
| ആകെ | 21,75,24,278 |
| ചെലവ് | 20,44,57,560 |
| നീക്കിയിരിപ്പ് | 1,30,66,718 |

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,38,29,717 |
| വരവ് | 6,17,43,550 |
| ആകെ | 8,55,73,267 |
| ചെലവ് | 5,21,33,486 |
| നീക്കിയിരിപ്പ് | 3,34,39,781 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25212000 | 25212000 | 21555949 | 3656051 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1880000 | 1880000 | 1880000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1530000 | 1530000 | 1530000 | 0 |
| മെയിന്റനൻസ് | 0 | 9930650 | 9930650 | 9374817 | 555833 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട് (റോഡ്) | | | | | |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 3148000 | 3148000 | 3132373 | 15627 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)– ബാങ്ക് | 842159 | 4364100 (4175000 അലോട്ട്മെന്റ് + 189100 പലിശ) | 5206259 | 4253526* | 952733 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ് )– ട്രഷറി | 0 | 2511 | 2511 | 2511 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) – ബാങ്ക് | 5874023 | 3131000 | 9005023 | 8102313* | 902710 |

* ബാങ്ക് മുഖേനയുള്ള സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്/അൺ-ടൈഡ് ഇനങ്ങളുടെ കാര്യത്തിൽ മുന്നിരിപ്പ് മുൻവർഷത്തെ ധനകാര്യ പത്രികയുമായും, നീക്കിയിരിപ്പ് തൻവർഷത്തെ ധനകാര്യ പത്രികയുമായും, അലോട്ട്മെന്റ് തുക എ.സി.ആറുമായും പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ ഇവയിലെ ചെലവ് തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുക്കുന്നു. (ഐ.കെ.എം ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ആകെ വകയിരുത്തിയ പദ്ധതി തുക | ആകെ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 235 | 165 | 13,73,51,685/- | 7,56,03,094/- | 70.2% |

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം

വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ഒട്ടുമിക്ക മാസങ്ങളിലും സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടുന്നതിന് പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാൻ ഇടയാകുന്നു.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.2024 തീയതിയിൽ രാവിലെ 10.30 മണിക്ക് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,766/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടു.

## 1-8 ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിലെയും, പൊരുത്തപ്പെടുത്തലുകൾ നടത്തുന്നതിലെയും അപാകതകൾ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ ആർ.പി-40(b) ഷെഡ്യൂൾ, ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ, ഗ്രാമപഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പൊന്നും ഇല്ലാത്തതായി കാണിച്ചിട്ടുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ എന്ത് ആവശ്യത്തിനായി ആരംഭിച്ചതാണ് എന്നും, ബാങ്കിന്റെ ഏത് ശാഖയിലാണ് ഉള്ളത് എന്നും വ്യക്തമല്ല. കൂടാതെ പ്രസ്തുത അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകളോ, ബാങ്ക് പാസ്ബുക്കുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് |
|---|---|---|
| 1 | 40180100110075 | കേരള ഗ്രാമീൺ ബാങ്ക് |
| 2 | 40180101014587 | കേരള ഗ്രാമീൺ ബാങ്ക് |
| 3 | 40180101014921 | കേരള ഗ്രാമീൺ ബാങ്ക് |
| 4 | 110078989810 | കാനറാ ബാങ്ക് |

2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഹഡ്കോ ലോൺ അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 423189111522) ബാങ്ക് പാസ് ബുക്കും റീകൺസിലിയേഷൻ പത്രികയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ ആധികാരികത പരിശോധിച്ച്

ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

3. വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാമപഞ്ചായത്തിന് സൗത്ത് ഇന്ത്യൻ ബാങ്കിൽ ക്യൂ.ആർ കോഡ് പേയ്മെന്റിനായി രണ്ട് അക്കൗണ്ടുകളുള്ളതായി കാണിച്ചിട്ടുണ്ട്. ഇതിൽ ഒരു അക്കൗണ്ടിൽ 7,31,022/- രൂപയും, രണ്ടാമത്തേതിൽ 500/- രൂപയും നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ 500/- രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണിച്ചിട്ടുള്ള അക്കൗണ്ടിനെ സംബന്ധിച്ച് യാതൊരു വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ എം.പി ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നം. 32405372564) 31.03.2024 തീയതിയിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 1,73,658/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 1,78,405/- രൂപയുമാണ്. എന്നാൽ വ്യത്യാസത്തിന് കാരണം വ്യക്തമാക്കുന്നതിന് പ്രസ്തുത അക്കൗണ്ട് 2023-24 സാമ്പത്തിക വർഷത്തിൽ റീകൺസിൽ ചെയ്തിട്ടില്ല.

5. കേരള ഗ്രാമീൺ ബാങ്ക് - ഐ.സി.ഡി.എസ് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 40180101045842) 2024 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം പാസ്ബുക്ക് നീക്കിയിരിപ്പ് 0/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരവും, ബാങ്ക് ബുക്ക് പ്രകാരവും പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 11,97,724/- രൂപയാണ്.

6. കേരള ഗ്രാമീൺ ബാങ്ക് - സി.എഫ്.സി അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 40180101045842) 2024 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം 31.03.2024 ലെ പാസ് ബുക്ക് നീക്കിയിരിപ്പ് 31,38,150/- രൂപയാണ്. എന്നാൽ പ്രസ്തുത തീയതിയിലെ യഥാർത്ഥ പാസ്ബുക്ക് നീക്കിയിരിപ്പ് 31,38,135/- രൂപയാണ്.

7. കേരള ഗ്രാമീൺ ബാങ്കിലുള്ള കോവിഡ് റിലീഫ് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നം. 40180101046258) മുന്നിരിപ്പായി ഉണ്ടായിരുന്ന 650/- രൂപയും അക്കൗണ്ടിൽ മിനിമം ബാലൻസ് സൂക്ഷിക്കാത്തതിനുള്ള പിഴയായി ബാങ്ക് ഈടാക്കിയിട്ടുണ്ട്. തൽഫലമായി സർക്കാർ ഇടപാടുകൾക്കുള്ള അക്കൗണ്ടിൽ നിന്ന് ഈടാക്കിയ ബാങ്ക് ചാർജ്ജ് തിരികെ ഈടാക്കി കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പൊന്നുമില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2023-24 തീയതി 07.10.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹരിച്ച രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-9 അഡ്വാൻസ് രജിസ്റ്റർ - അപാകതകൾ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷാവസാനം Advance To Mahatma Gandhi NREGA/AUEGS Administrative Expense (460500801) എന്ന ശീർഷകത്തിൽ 19,42,139/- രൂപയാണ് തിരികെ ലഭിക്കാൻ ഉള്ളത്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം ആയത് 18,89,159/- രൂപയാണ് (52,980/- രൂപയുടെ വ്യത്യാസം).
2. രജിസ്റ്റർ പ്രകാരം Festival Advance (460100101) എന്ന ശീർഷകത്തിൽ 20,000/- രൂപയാണ് തിരികെ ലഭിക്കാനുള്ളത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 24,000/- രൂപ തിരികെ ലഭിക്കാനുള്ളതായി കാണിച്ചിട്ടുണ്ട് (4,000/- രൂപയുടെ വ്യത്യാസം).
3. Temporary Advance For Official Purposes (460100103) എന്ന ശീർഷകത്തിൽ മുൻവർഷാവസാനം 5,000/- രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ പ്രസ്തുത തുക തൻ വർഷത്തെ മുന്നിരിപ്പായി രജിസ്റ്ററിൽ ചേർത്തിട്ടില്ല. തൻവർഷം ഈ ഇനത്തിൽ നൽകിയ അഡ്വാൻസായ 5,000/- രൂപ മാത്രമാണ് തൻവർഷ നീക്കിയിരിപ്പായി രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലും കാണിച്ചിട്ടുള്ളത്.

4. Other Advances (460100199) എന്ന ശീർഷകത്തിലെ മുന്നിരിപ്പ് തുക 32,640/- രൂപയാണ്. 04.06.2021 ന് പ്രേരക്മാർക്ക് ഹോണറേറിയമായി നൽകിയ തുകയാണ് ഇത്. പ്രസ്തുത തുക ഇതു വരെ ക്രമീകരിക്കാത്തതിന്റ കാരണം വ്യക്തമല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം സാമ്പത്തിക വർഷാവസാനം ഈ ശീർഷകത്തിൽ 8,72,318/- രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 1,02,640/- രൂപ മാത്രമാണ്.
5. Advance To Implementing Officers ( 460500501) എന്ന ശീർഷകത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി നൽകിയ ആകെ തുക 2,80,000/- (1,40,000 + 1,40,000) ഇതു വരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

6. വാർഷിക ധനകാര്യ പത്രിക പ്രകാരം Advance To Others (460509901) എന്ന ശീർഷകത്തിൽ 34,04,777/- രൂപയും, Tour Travelling Allowance Advance (460100105) എന്ന ശീർഷകത്തിൽ 12,000/- രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ ഇവ സംബന്ധിച്ച വിവരങ്ങളൊന്നും അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.
7. 2023-24 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്കായി സെക്രട്ടറി നടപ്പാക്കിയ 225/23-24 നമ്പർ പ്രൊജക്റ്റ് (സോളാർ പവർ ഇൻസ്റ്റലേഷൻ) പ്രകാരം അനർട്ടിന് ആകെ 12,00,000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അഡ്വാൻസ് രജിസ്റ്ററിലോ, ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിലോ ഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 /2023-24 തീയതി 07.10.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അഡ്വാൻസ് രജിസ്റ്ററിലെയും വാർഷിക ധനകാര്യ പത്രികയിലെയും പൊരുത്തക്കേടുകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകതകൾ

കുടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രിക, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരം Other Deposits (340200199) എന്ന ശീർഷകത്തിൽ 28,213 /- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക സംബന്ധിച്ച മറ്റു വിശദാംശങ്ങളൊന്നും രജിസ്റ്ററിൽ ഇല്ല.

2. 2022-23 ലെ ധനകാര്യപത്രിക പ്രകാരം Contractor's Retention (340100361) എന്ന ശീർഷകത്തിൽ 2,64,757/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ തൻവർഷ രജിസ്റ്ററിൽ മുന്നിരിപ്പായി 1,57,775/- രൂപ മാത്രമേ കൊണ്ടു വന്നിട്ടുള്ളൂ. തൻവർഷ വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭിച്ച തുക 1,15,723/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 1,46,626/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിലെ ഡെപ്പോസിറ്റിൽ നിന്ന് തൻവർഷം ആകെ 1,05,001/- രൂപ തിരികെ നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഒരു തുകയും തിരികെ നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

3. Bidder's Earnest Money Deposit (340100103) ഇനത്തിൽ 2022-23 ലെ ധനകാര്യ പത്രിക പ്രകാരം 18,900/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിൽ 10,900/- രൂപ മാത്രമേ തൻവർഷം മുന്നിരിപ്പായി ചേർത്തിട്ടുള്ളൂ.

4. Supplier's Earnest Money Deposit (340100102) ഇനത്തിൽ മുൻവർഷ ധനകാര്യ പത്രിക പ്രകാരം 27,070/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിൽ 25,770/- രൂപ മാത്രമേ തൻവർഷം മുന്നിരിപ്പായി ചേർത്തിട്ടുള്ളൂ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2023-24 തീയതി 07.10.2024)

മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഡെപ്പോസിറ്റ് രജിസ്റ്ററിലെയും വാർഷിക ധനകാര്യപത്രികയിലെയും പൊരുത്തക്കേടുകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 തനതുഫണ്ട് അക്കൗണ്ടുകളിൽ പകുതിയിലധികവും തനതുവരവല്ലാത്ത തുകകൾ

2023-24 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ ആകെ തനത് ഫണ്ട് നീക്കിയിരിപ്പ് താഴെ പറയും പ്രകാരം 2,00,10,582/- രൂപയാണ്.

എ) ബാങ്ക് അക്കൗണ്ടുകൾ (ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ)

പട്ടിക - 1

| | | |
|---|---|---|
| 1 | South Indian Bank (QR Code Payment) [അക്കൗണ്ട് നം. 0461073000000193] | 731022 |
| 2 | State Bank Of India (E Payment) [അക്കൗണ്ട് നം. 67390687941] | 573710 |
| 3 | State Bank Of India (Own Fund) [അക്കൗണ്ട് നം. 30917491165] | 10870371 |
| 4 | Koodaranji Service Co-Operative Bank [അക്കൗണ്ട് നം. 108] | 7834379 |
| | ആകെ | 20009482 |

ബി) ഇൻവെസ്റ്റ്മെന്റ് (ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ)

പട്ടിക - 2

| | | |
|---|---|---|
| 1 | Promissery Note (Government Of Kerala) | 1000 |
| 2 | Share (Malalppuram Co-Operative Spinning Mill) | 100 |
| | ആകെ | 1100 |

(ആകെ തനത് ഫണ്ട് നീക്കിയിരിപ്പ് (എ + ബി) = 2,00,10,582/-)

ഓഡിറ്റ് വർഷവും, മുൻവർഷങ്ങളിലും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചിലത് ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നത്. അതിനാൽ തന്നെ മേൽപ്പറഞ്ഞ മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന നീക്കിയിരിപ്പായി കണക്കാക്കാനാവില്ല. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ (Grants, Funds And Contributions For Specific Purposes) പ്രകാരം ബാധ്യതാ ശീർഷകത്തിൽ കാണിച്ചിരിക്കുന്നതും, ഗ്രാമപഞ്ചായത്തിന്റെ വിവിധ തനത്ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതുമായ തുകകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക - 3

| ക്രമ നം. | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 320100105 | Awards & Honours – Central Government | 563000 |
| 2 | 320100152 | Other Schemes | 239421 |
| 3 | 320100160 | Rural Housing – Housing For All | 267553 |
| 4 | 320100195 | Grants/Funds For Pandemic/Epidemic Control | 650 |
| 5 | 320100198 | Grant From Suchitwa Mission | 21864 |
| 6 | 320200399 | Grants, Funds And Contribution For Specific Purpose – Other Than Development Fund And State | 925706 |

| | | | |
|---|---|---|---|
| | | Sponsored Scheme Funds – Other Purposes | |
| 7 | 320300103 | Grants, Funds And Contribution For Specific Purposes – Other Government Agencies – Total Sanitation | 33501 |
| 8 | 320300199 | Grants, Funds And Contribution For Specific Purposes – Other Government Agencies | 4043508 |
| 9 | 320700105 | Contribution For Joint Venture Projects (For Capital Expenditure) – From District Panchayaths | 3977937 |
| 10 | 320800101 | Beneficiary Contribution | 22560 |
| 11 | 320800199 | Other Grants, Funds And Contribution For Specific Purposes – Capital | 10090 |
| ആകെ | | | 10105790 |

മേൽ പട്ടികയിൽ പറഞ്ഞവയിൽ ക്രമ നം. 8,9 എന്നിവ പ്രകാരമുള്ള തുകകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ തനത്ഫണ്ട് അക്കൗണ്ടിലും (പട്ടിക -1 ലെ ക്രമ നം. 3), ക്രമ നം. 10 പ്രകാരമുള്ളത് കൂടരഞ്ഞി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ തനത്ഫണ്ട് അക്കൗണ്ടിലുമാണ് (പട്ടിക-1 ലെ ക്രമ നം. 4) സൂക്ഷിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് വേളയിൽ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് അറിയിച്ചിട്ടുണ്ട്. എന്നാൽ ശേഷിക്കുന്നവ ഏത് തനത്ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന കൃത്യമായ വിവരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/23-24 തീയതി 07.10.2024) മറുപടി ലഭിച്ചിട്ടില്ല.

മേൽ പട്ടികയിൽ പറഞ്ഞ 1,01,05,790/- രൂപ കൂടാതെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം തന്നെ ബാധ്യതയായി കാണിച്ചിരിക്കുന്ന 320100139 (National Health Mission) എന്ന ശീർഷകത്തിലെ 4,50,000/- രൂപയിൽ സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ ശേഷിക്കുന്ന 2,40,574/- രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ തനത് ഫണ്ട് അക്കൗണ്ടിലാണ് (പട്ടിക -1 ലെ ക്രമ നം. 3) സൂക്ഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ തനത് വരവ് നീക്കിയിരിപ്പല്ലാത്തതും, പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ചതുമായ ആകെ 1,03,46,364/- രൂപ ഗ്രാമപഞ്ചായത്തിന്റെ വിവിധ തനത് ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

ബാലൻസ് ഷീറ്റിലെ ബി-2 ഷെഡ്യൂൾ പ്രകാരം Panchayaths Distress Relief Fund (311100101) എന്ന ശീർഷകത്തിൽ 5,030/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയും തനത്ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് വേളയിൽ അക്കൗണ്ടന്റ് അറിയിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ട് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളതും തിരികെ നൽകാൻ ബാധ്യതപ്പെട്ടതുമായ 4,57,672/- രൂപ (ബാലൻസ് ഷീറ്റിലെ ബി-7 ഷെഡ്യൂൾ) തനത്ഫണ്ട് അക്കൗണ്ടിൽ ഉണ്ട്. കൂടാതെ ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂൾ (Other Liabilities) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായ 2,50,192/- രൂപയും [ Amount Payable To Other Creditors – 10,347 + Government And Other Dues Payable (Library Cess) - 2,39,845) തനത്ഫണ്ട് അക്കൗണ്ടിൽ തന്നെയാണ് ഉള്ളത്.

ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് നീക്കിയിരിപ്പായി പരിഗണിക്കാനാവാത്ത ആകെ 1,10,59,258/- രൂപ (1,03,46,364 + 5,030 + 4,57,672 + 2,50,192) വിവിധ തനത്ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. ഈ തുക ഒഴിവാക്കിയാൽ താഴെ പറയും പ്രകാരം 89,51,324/- രൂപ മാത്രമേ യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന നീക്കിയിരിപ്പായി ഉള്ളൂ എന്ന് കാണാം.

| പട്ടിക - 4 | |
|---|---|
| തനത് ഫണ്ട് അക്കൗണ്ടുകളിലെ ആകെ നീക്കിയിരിപ്പ് | 20010582 |
| ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന നീക്കിയിരിപ്പായി പരിഗണിക്കാനാവാത്ത തുക | 11059258 |
| യഥാർത്ഥ നീക്കിയിരിപ്പ് | 8951324 |

തനത്ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന ആകെ തുകയുടെ 44.73 % മാത്രമേ യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന മിച്ചമായിട്ടുള്ളൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്നതും, ആയതിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതുമായ തുകകൾ തദ്ദേശസ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ താൽക്കാലികമായി സൂക്ഷിക്കാവുന്നതാണ്. എന്നാൽ അപ്രകാരം ലഭിക്കുന്ന തുകകൾ ബന്ധപ്പെട്ട ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി ചെലവഴിക്കേണ്ടതും, മിച്ചമുള്ള തുക ആയത് നൽകിയ ഏജൻസികൾക്ക് കാലതാമസം കൂടാതെ തിരികെ നൽകേണ്ടതുമാണ്. മാത്രമല്ല തുകകളുടെ വരവ്-ചെലവ് സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഇത്തരത്തിൽ ലഭിച്ച തുകകൾ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കപ്പെടാൻ ഇടവരുന്നതും, യഥാർത്ഥ തനത്ഫണ്ട് നീക്കിയിരിപ്പ് കമ്മിയാകാൻ സാധ്യതയുള്ളതുമാണ്. കുടരഞ്ഞി ഗ്രാമപഞ്ചായത്തിൽ നാഷണൽ ഹെൽത്ത് മിഷൻ, സ്വച്ഛ് ഭാരത് അഭിയാൻ എന്നിവയുമായി ബന്ധപ്പെട്ട് ലഭിച്ച തുകകളുടെ വരവ് - ചെലവ് വിവരങ്ങൾ മാത്രമേ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി നിരീക്ഷിച്ച് വരുന്നുള്ളൂ. മാത്രമല്ല പട്ടിക – 3 ലെ ക്രമ നം. 5, 8, 9, 10 എന്നിവ പ്രകാരമുള്ളത് ഒഴികെയുള്ള തുകകൾ അനുവദിച്ച ഏജൻസികളുടെ വിവരം പോലും വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിന് വിവിധ ഏജൻസികളിൽ നിന്ന് പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച പ്രത്യേകം അക്കൗണ്ടുകളില്ലാതെ തനത് ഫണ്ടിൽ സൂക്ഷിച്ച ഗ്രാന്റുകളെയും വിഹിതങ്ങളെയും സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ഇത്തരത്തിൽ ലഭിച്ച തുകകൾ അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആവശ്യമില്ലാത്തവ ബന്ധപ്പെട്ട ഏജൻസികൾക്ക് തിരികെ നൽകി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ചതുമായ താഴെ പറയുന്ന, 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

ക്രമ നമ്പർ 1

| | |
|---|---|
| വാർഡ് നമ്പർ (സഞ്ചയ പ്രകാരം) | 9 |
| കെട്ടിട നമ്പർ (സഞ്ചയ പ്രകാരം) | 474 B മുതൽ H വരെ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ഷിമി ഫെർണാണ്ടസ്, ഏഞ്ചൽ എലിസബത്ത് വിനോയ്, |

| | |
|---|---|
| | എബി വിനോയ്,<br>അകമ്പടിയിൽ, തിരുവമ്പാടി,<br>പൊന്നാംങ്കയം-673603 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2018 ആദ്യ അർദ്ധ വാർഷികം |

| തറ വിസ്തീർണം: 209.95 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: ദ്വിതീയം<br>വഴി: 5 മീറ്ററിൽ കൂടുതൽ | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക്<br>30 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>50രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 209.95 X 30 = 6299<br>6299 - 630 = 5669<br>5669 + 1260 = 6929<br>6929 + 346 = 7275<br>{അടിസ്ഥാന നികുതി - 10% ഇളവ് (മേഖലാടിസ്ഥാനം-ദ്വിതീയം)+ 20% വർദ്ധനവ് (വഴി സൗകര്യം –<br>5 മീറ്ററോ അതിൽ കൂടുതൽ)<br>+ (ലൈബ്രറി സെസ്) 5%}<br>കുറിപ്പ്: 2023 ഏപ്രിൽ 1 മുതൽ എല്ലാ കെട്ടിടങ്ങൾക്കും 5 % വർദ്ധനവ് വരുത്തിയിട്ടുണ്ട് | 209.95 X 50 = 10498<br>10498 - 1050 = 9448<br>9448 + 2100 = 11548<br>11548 + 577 = 12125<br>{അടിസ്ഥാന നികുതി - 10% ഇളവ് (മേഖലാടിസ്ഥാനം -ദ്വിതീയം)<br>+ 20% വർദ്ധനവ് (വഴി സൗകര്യം - 5 മീറ്ററോ അതിൽ കൂടുതൽ)<br>+ (ലൈബ്രറി സെസ്) 5%}<br>കുറിപ്പ്: 2023 ഏപ്രിൽ 1 മുതൽ എല്ലാ കെട്ടിടങ്ങൾക്കും 5 % വർദ്ധനവ് വരുത്തിയിട്ടുണ്ട് | 2018-19<br>12125 - 7275 = 4850/-<br>(4619 BT+ 231 LC)<br>2019-20<br>12125 - 7275 = 4850/-<br>(4619 BT+ 231 LC)<br>2020-21<br>12125 - 7275 = 4850/-<br>(4619 BT+ 231 LC)<br>2021-22<br>12125 - 7275 = 4850/-<br>(4619 BT+ 231 LC)<br>2022-23<br>12125 - 7275 = 4850/-<br>(4619 BT+ 231 LC)<br>2023-24<br>12731 – 7639 = 5092/-<br>(4850 BT + 242 LC) |
| ആകെ | | 29,342/- രൂപ |

ഓഡിറ്റ് വർഷമുള്ള നഷ്ടമാണ് മുകളിലെ പട്ടികകളിൽ ചേർത്തിട്ടുള്ളത്. തുടർന്നുള്ള വർഷത്തിലും ഇത്തരത്തിൽ തന്നെയാണ് നികുതി ഈടാക്കിയിട്ടുള്ളത്. ആയതിനെ തുടർന്നുണ്ടായ നഷ്ടം കെട്ടിടയുടമയിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

കൂടാതെ ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളും കണ്ടെത്തി അവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത മൊബൈൽ ടവറിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര്/ ഉടമയുടെ മേൽവിലാസം (സഞ്ചയ പ്രകാരം) | ഈടാക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|
| 14/857/A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2018-19 ആദ്യ അർദ്ധ വർഷം മുതൽ 2024-25 ആദ്യ അർദ്ധ വർഷം വരെ |
| | ആകെ | 32445/- |

പട്ടികയിൽ ചേർത്തിട്ടുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി അറിയിക്കേണ്ടതുമാണ്. ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക കുടിശ്ശികയായി കൊണ്ടുവരേണ്ടതാണ്.

## 1-14 ക്വാറികൾക്ക് ലൈസൻസ്-അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നൽകുന്ന ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചാൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണെന്ന് ചട്ടം 25 ൽ വ്യക്തമാക്കിയിട്ടുണ്ട്. 15/03/2010ലെ കേരള സർക്കാർ സർക്കുലർ നമ്പർ 78327/ആർ.സി.3/2009/ തസ്വഭവ പ്രകാരം ക്വാറി നടത്തിപ്പിന് ആവശ്യമായ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, റവന്യൂ വകുപ്പിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് (സ്വകാര്യ ഭൂമിക്ക്), മൈനിംങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി, അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള അനുമതി, ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിൽ നിന്ന് (എക്സ്പ്ലോസീവ് ചട്ടങ്ങൾ, 2008 പ്രകാരം) (ബാധകമാണെങ്കിൽ) സ്ഫോടകവസ്തു ഉപയോഗിക്കുന്നതിനുള്ള അനുമതി, ലൈസൻസുള്ള സ്ഫോടക വിദഗ്ധന്റെ സേവനം എന്നിവ സമർപ്പിക്കേണ്ടതുണ്ട്. കൂടരഞ്ഞി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മതിയായ രേഖകളില്ലാതെ ക്വാറി പ്രവർത്തിക്കുന്നു.

ലഭ്യമാക്കിയ രേഖകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 ക്വാറികളും 5 ക്രഷറുകളുമാണുള്ളത്. ഇവയിൽ 2 ക്വാറികളും 4 ക്രഷറുകളുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത് എന്നാണ് സെക്ഷൻ അറിയിച്ചത്. താഴെ പട്ടികയിൽ ചേർത്ത ക്രഷർ യൂണിറ്റിന് ആവശ്യമായ രേഖകൾ ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത് എന്ന് കാണുന്നു. മറ്റു വകുപ്പുകളിൽ നിന്ന് ലഭിച്ചിട്ടുള്ളതും ലൈസൻസ് കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ നിരാക്ഷേപപത്രങ്ങളും അനുമതി പത്രങ്ങളും പുതുക്കി ഹാജരാക്കണം എന്ന വ്യവസ്ഥയോടെയാണ് താഴെ പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് അനുവദിച്ചിട്ടുള്ളതെങ്കിലും പ്രസ്തുത നിരാക്ഷേപപത്രങ്ങളും അനുമതിപത്രങ്ങളും പുതുക്കി നൽകിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം/ഉടമയുടെ പേര്, മേൽ വിലാസം/ കെട്ടിട നമ്പർ | ലൈസൻസ് നം, തീയതി/ കാലയളവ് |
|---|---|---|
| 1 | പട്ടോത്ത് സ്റ്റോൺ വർക്ക്സ്, ക്വാറി<br>വി. അബ്ദു റിഹ്മാൻ, പട്ടോത്ത്, കൂടരഞ്ഞി | SC3/980/2023-24 (130)<br>തീ. 01.04.2023<br>(01.04.2023 മുതൽ |

| | കെട്ടിട നമ്പർ - 14/54, 55, 57 | 31.03.2028 വരെ) |
|---|---|---|

മേൽ സ്ഥാപനത്തിന് ജിയോളജി വകുപ്പ് നൽകിയ അംഗീകാരത്തിന്റെ കാലാവധി 07.08.2023 തീയതിയിൽ കഴിയുകയും, ആയത് ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ അനധികൃതമായി ക്വാറി/മെറ്റൽ ക്രഷർ പ്രവർത്തിപ്പിക്കാൻ പാടില്ല എന്നും അംഗീകാരം പുതുക്കി രേഖകൾ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നുമുള്ള വിവരം അറിയിച്ച് കൊണ്ട് സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും (400981/RPTL10/GPO/2024/3339/(7) തീയതി 27.07.2024) പ്രസ്തുത രേഖകൾ നിലവിലും ഹാജരാക്കിയതായി കാണുന്നില്ല.

<u>ക്വാറികൾ നടത്തിയ സി.എസ്.ആർ/സി.ഇ.ആർ പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ്.</u>

കേന്ദ്ര പരിസ്ഥിതി, വന, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ OM FNo.22-65/2017-IA.Iii തീയതി 01.05.2018, OM FNo.22-65/2017-IA.Iii തീയതി 30.09.2020 വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിലെ ഒരു ക്വാറി പദ്ധതിയുടെ വക്താവ് പരിസ്ഥിതി ക്ലിയറൻസ് (ഇസി) പ്രക്രിയയുടെ ഭാഗമായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) നടപ്പിലാക്കേണ്ടതാണ്. നിലവിൽ പ്രവർത്തിച്ചുവരുന്ന ക്വാറികൾ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന ക്വാറികളുടെ സി.എസ്.ആർ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ ഉടമയുടെ പേര്, മേൽ വിലാസം/ കെട്ടിട നമ്പർ | ലൈസൻസ് നം, തീയതി/ കാലയളവ് | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | നടപ്പാക്കാനുദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ വിവരം |
|---|---|---|---|---|
| 1. | മാതാ ഇൻഡസ്ട്രീസ്, ക്വാറി<br>ഷാജി മാത്യു, മാനേജിങ് പാർട്ണർ, മാതാ ഇൻഡസ്ട്രീസ്, കൂമ്പാറ ബസാർ - 673604<br>കെട്ടിട നമ്പർ: 6/190 A | A3-70/2021 തീയതി-01.04.2021<br>(01.04.2021 മുതൽ 31.03.2026) | 12/DEIAA/KL/ MIN/3738/2017<br>തീ. 23.09.2017<br>Validity Extended Till 27.10.2024 | 1. Promotion Of Education 50,000/ Annum, Recurring<br>2. Health Care 1,00,000/Annum, Recurring<br>3.Environmental Sustainability 1,50,000/Annum, Recurring |
| 2. | മാതാളിക്കുന്നേൽ ക്വാറി വർക്ക്സ്,<br>തങ്കച്ചൻ. എം.എസ്, മാതാളിക്കുന്നേൽ ഹൗസ്, കൂമ്പാറ | A3-3946/2021 തീയതി-27.07.2021<br>(01.04.2021 മുതൽ 31.03.2026) | 212/SELAA/ KL/251/2014<br>തീ. 04.11.2019<br>Validity Till 04.12.2024 | LID & EW എഞ്ചിനീയറുടെ മേൽനോട്ടത്തിൽ മേലെകൂമ്പാറ- പുന്നക്കടവ് റോഡ് നവീകരണം - CSR Fund ഉപയോഗിച്ച് |

| | | | | |
|---|---|---|---|---|
| | ബസാർ (പി.ഓ) കെട്ടിട നമ്പർ: 6/476 | | | റോഡ് നവീകരിക്കുന്നതിന് സ്ഥാപനം സമ്മതമറിയിച്ചതിന്റെയും പഞ്ചായത്തുമായി കരാറിലേർപ്പെട്ടതിന്റെയും രേഖകൾ, എഞ്ചിനീയറുടെ എസ്റ്റിമേറ്റ് എന്നിവ ഫയലിൽ കണ്ടെത്തി (12,22,000/- രൂപ). പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമല്ല. |

മേൽ പട്ടികയിലെ ക്രമ നമ്പർ 1 പ്രകാരമുള്ള യൂണിറ്റ് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ ഗ്രാമപഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/1023-24 തീയതി 07.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പരിസ്ഥിതി സന്തുലനത്തെ ബാധിക്കാതെ കൃത്യമായ വ്യവസ്ഥകളും നിബന്ധനകളും പാലിച്ച് മാത്രം പ്രവർത്തിക്കേണ്ട ക്വാറികളും ക്രഷറുകളും പോലെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന് ശേഷം അവയുടെ പ്രവർത്തനത്തിൽ യാതൊരു തുടർ നിരീക്ഷണവും നടത്തുന്നില്ല എന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. സ്ഥാപനങ്ങൾ നിരാക്ഷേപപത്രങ്ങളും അനുമതി പത്രങ്ങളും യഥാസമയം പുതുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും, അപ്രകാരം പുതുക്കിയിട്ടില്ലെങ്കിൽ ലൈസൻസ് റദ്ദാക്കി ചട്ടപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-15 കൂടരഞ്ഞി കമ്മ്യൂണിററി ഹാൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 219/24 –

കൂടരഞ്ഞി കമ്മ്യൂണിററി ഹാൾ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ

അടങ്കൽ - 3,30,364/-, CFC കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്)

2,29,636/-, തനത് ഫണ്ട്

5,60,000/- (ആകെ)

ചെലവ് തുക - 2,74,364/-, ബിൽ നം.504/24.3.24

56,000/-, ബിൽ നം.505/24.3.24

1,28,026/-, ബിൽ നം.506/24.3.24

4,58,390/- (ആകെ)

കരാറുകാരൻ - ജോർജ്.പി.വി

കൂടരഞ്ഞി കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിൽ ഇന്റർലോക്ക് പതിക്കുന്നതിനാണ് എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിക്കായി മണ്ണെടുക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഇനം 2.8.1 ആണ്. ട്രഞ്ച് നിർമ്മാണങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന ഈയിനം ഉൾപ്പെടുത്തി നടത്തിയിരിക്കുന്നത് ശരാശരി 17 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും മണ്ണെടുക്കുന്ന പ്രവൃത്തിയാണ്. വലിയ വിസ്തൃതിയിൽ മണ്ണെടുക്കുന്നതിന് ഉപയോഗപ്പെടുത്താവുന്ന ഇനം 2.6.1 ന് ആണെന്നിരിക്കെ ട്രഞ്ച് നിർമ്മാണത്തിന്റെ ഇനം തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല. 2018 DSR നിരക്കിൽ 36.44% കോസ്റ്റ് ഇൻഡക്സിൽ ഇനം 2.6.1 വേണ്ടി വരുമായിരുന്ന നിരക്ക് 215.37 രൂപയാണ്. അതിന് പകരം ഇനം 2.8.1 ഉൾപ്പെടുത്തിയതിനാൽ കരാറുകാരന് 7,507/- രൂപ അധികം നൽകിയിട്ടുണ്ട്. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/5.10.24) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ അധികം നൽകിയ തുക പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ അടയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 7,507/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്കായി ഖണ്ഡിക 3-1 കാണുക

## 1-16 ട്രസ്സ് വർക്ക് പെയിന്റിംഗിന് അധിക തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 207/24, കുമ്പാറ ഹോമിയോ ആശുപത്രി യോഗ ഹാൾ സജ്ജീകരണം

അടങ്കൽ - 4,50,000/-, എക്സ്റ്റേണലി എയ്ഡഡ് പരിപാടി

4,50,000/-, മെയിന്റനൻസ് ഫണ്ട് റോഡിതരം

9,00,000/- (ആകെ)

ചെലവ് തുക - 2,92,190/-, ബിൽ നം.302/5.2.24(പാർട്ട് ബിൽ)

കരാറുകാരൻ - കൂടരഞ്ഞി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഹോമിയോ ഹോസ്പിറ്റലിന്റെ പഴയ ബിൽഡിംഗിൽ യോഗഹാൾ സജ്ജീകരിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയത്. തകർന്ന മേൽക്കൂര മുഴുവനായും നീക്കി ട്രസ്സ് വർക്ക് ചെയ്ത് ഓടിട്ടു കൊണ്ട് നിർമ്മാണം നടത്തുവാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ട്രസ് വർക്കിനുള്ള സ്റ്റീലിനായി PRICE ലെ ഇനം 10.16.2 ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ, റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ കോട്ട് നൽകുന്നതിനുള്ള നിരക്കു കൂടി (ഇനം 13.50.3) ഉൾപ്പെടുന്നതാണ് ഇതിന്റെ നിരക്ക് എന്ന് കാണാം. ഇനം 13.50.3 പ്രകാരം പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് 60.05 രൂപയാണ്. 93.498m2 വിസ്തൃതിയിൽ പ്രൈമർ കോട്ട് നൽകുന്നതിന് 60.05 നിരക്കിൽ 5,615/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സ്റ്റീലിന്റെ പെയിന്റിംഗിനായി ഇനം 17 ആയി PRICE ലെ ഇനം 13.52.1 ഉൾപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിന്റെ ഡാറ്റാ പരിശോധിച്ചാൽ റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ കോട്ട് നൽകി, അതിനു മുകളിൽ എപ്പോക്സി പെയിന്റ് നൽകുന്നതിനുള്ള നിരക്കാണിതെന്ന് വ്യക്തമാകുന്നു. പാർട്ട് ബിൽ പ്രകാരം 93.498 $M^2$ വിസ്തൃതിയിൽ പ്രൈമർ ഉൾപ്പെടെ എപ്പോക്സി പെയിന്റ് ചെയ്തതിന് 202.28 രൂപ നിരക്കിൽ കരാറുകാരന് 18912.78/- രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രൈമർ നൽകിയിട്ടുള്ള സ്റ്റീലിനു മുകളിൽ വീണ്ടും പ്രൈമർ നൽകി പെയിന്റിംഗ് ചെയ്യുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/5.10.24) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ പെയിന്റിംഗിന് അധികം ചെലവഴിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ അടയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 5,615/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതും, രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-17 നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്ത സ്ഥലം വിലക്ക് വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 188/24 (ഖരമാലിന്യ സംസ്കരണം, ശ്മശാനം സ്ഥലമെടുപ്പ്) |
| പദ്ധതി അടങ്കൽ | 80 ലക്ഷം രൂപ (30 ലക്ഷം : വികസന ഫണ്ട്, 50 ലക്ഷം : ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 10,22,063/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ/ തിയ്യതി | 513/25.3.2024 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്., ശ്മശാനം എന്നിവ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. നിലവിൽ പഞ്ചായത്തിന് സ്വന്തമായി ഒരു എം.സി.എഫ്. ഉണ്ടെങ്കിലും പ്രസ്തുത സ്ഥലത്തേക്ക് വാഹനം കയറാത്തതിനാൽ പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടത്തിൽ താൽക്കാലികമായാണ് ഇപ്പോൾ എം.സി.എഫ് പ്രവർത്തിക്കുന്നത്. അതിനാൽ അനുയോജ്യമായ സ്ഥലത്ത് 35 സെന്റ് ഭൂമിയാണ് MCF മാറ്റി സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് ആവശ്യമുള്ളത്. കൂടാതെ പഞ്ചായത്തിൽ നിലവിലുള്ള ശ്മശാനം സ്ഥിതി ചെയ്യുന്ന പ്രദേശം കുത്തനെയുള്ളതായതിനാലും സ്ഥലപരിമിതി ഉള്ളതിനാലും അവിടെ ക്രിമറ്റോറിയം നിർമ്മാണം പ്രായോഗികമല്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ 18.4.2022 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്മശാനം നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് 2021-22 പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ച് ശ്മശാനത്തിനു വേണ്ടി പുതിയ സ്ഥലം വാങ്ങാൻ 7.12.2022 ലെ 27-ാം നമ്പർ പ്രകാരം ഭരണസമിതി തീരുമാനിച്ചത്. ശ്മശാനം നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിന് ആവശ്യമുള്ളത് ഒരു ഏക്കർ ഭൂമിയാണ്. സ്ഥലം വാങ്ങുന്നതിന് 2023-24 ൽ ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും 10,22,063/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നുള്ള 30 ലക്ഷം രൂപയും ഉൾപ്പെടെ 40,22,063/- രൂപയാണ് ആകെ ചെലവഴിക്കാൻ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ വികസന ഫണ്ടിൽ നിന്നുള്ള 30 ലക്ഷം രൂപ 2023-24 ൽ ട്രഷറിയിൽ നിന്നും അനുവദിക്കാതിരുന്നതിനെ തുടർന്ന് 2024-25 വർഷമാണ് ചെലവഴിച്ചത്. ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട വസ്തുതകൾ താഴെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത് സ്ഥലമെടുപ്പിനായി 16.11.2022, 20.1.2023, 17.2.2023 തീയ്യതികളിലായി മൂന്നു തവണ ദേശാഭിമാനി, മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപത്രങ്ങളിൽ താൽപര്യപത്രം ക്ഷണിച്ചിട്ടും കൂടരഞ്ഞിയിലെ വില്ലേജ് ഓഫീസ്, കൃഷിഭവൻ, കുടുംബാരോഗ്യകേന്ദ്രം എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പരസ്യം ചെയ്തിട്ടും ആരിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നില്ല. തുടർന്ന് 23.5.2023 ന് വീണ്ടും നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 15.6.2023 ന് ശ്രീമതി മേരി തങ്കച്ചൻ ഇടമനശ്ശേരി എന്നവർ തന്റെ ഉടമസ്ഥതയിലുള്ളതും കൂടരഞ്ഞി വില്ലേജിലെ അൺസർവേയ്ഡ് ലാന്റിൽ പെട്ടതുമായ ഒരു ഏക്കറും 50 സെന്റുമുള്ള ഭൂമി സെന്റൊന്നിന് 75000/- രൂപയോ സർക്കാർ നിശ്ചയിക്കുന്ന നിരക്കോ ഏതാണോ കുറവ് പ്രസ്തുത വിലക്ക് നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചു. 30.6.2023 ലെ 2/1 നമ്പർ തീരുമാനം പ്രകാരം സ്ഥലത്തിന്റെ വാല്വേഷൻ ലഭ്യമാക്കുന്നതിന് താമരശ്ശേരി താലൂക്ക് തഹസിൽദാർക്കും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പിക്കുന്നതിന് വിദഗ്ധ ഉപദേശം തേടുന്നതിന് ഗവ.പ്ലീഡർക്കും അനുയോജ്യതാ സാക്ഷ്യപത്രം ലഭിക്കുന്നതിന് കോഴിക്കോട് എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർക്കും കത്ത് നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചു.

താമരശ്ശേരി താലൂക്ക് തഹസിൽദാറുടെ 10.12.2023 ലെ വിലനിർണ്ണയ സാക്ഷ്യപത്രം പ്രകാരം ഒരു ആറിന് 76,468/- രൂപയാണ് വില നിശ്ചയിക്കപ്പെട്ടത്. 7.10.2023 ന് ഗവ. പ്ലീഡറിൽ നിന്നും ലഭ്യമായ നിയമോപദേശത്തിൽ 50 സെന്റ് ഭൂമിക്ക് പാട്ടാവകാശം മാത്രമാണ് ലഭിച്ചതെന്നും പട്ടയം ലഭ്യമായിട്ടില്ലെന്നും അറിയിച്ചു. ആയതിനാൽ പട്ടയം ലഭിച്ച ഒരു ഏക്കർ ഭൂമി (40.46 ആർ) വാങ്ങുന്നതിന് നിയമപരമായി യാതൊരു തടസ്സങ്ങളും ഇല്ല എന്ന് അറിയിക്കുകയുണ്ടായി. 9.12.2023 ലെ 1/1 നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം ലീഗൽ ഒപീനിയൻ ലഭ്യമാകാത്ത 50 സെന്റ് (20.23 Ares) സ്ഥലം ഒഴിവാക്കി പട്ടയം ലഭിച്ച ഒരു ഏക്കർ (40.46 Ares) ഭൂമി വിലക്കു വാങ്ങാൻ

തീരുമാനമായി. സ്ഥലം വിലക്കു നൽകാൻ തയ്യാറായ ശ്രീമതി മേരി തങ്കച്ചനുമായി വിലയിൽ നെഗോഷിയേഷൻ നടത്തുന്നതിന് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, 8, 9 വാർഡുകളിലെ മെമ്പർമാർ, അസി. എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ധാരണയായി. 22.12.2023 ന് ചേർന്ന പർച്ചേസിംഗ് കമ്മിറ്റി തീരുമാനം പ്രകാരം റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30 % നഷ്ടപരിഹാരത്തോടെ ഗ്രാമ പഞ്ചായത്ത് ഐക്യകണ്ഠേന അംഗീകരിച്ച് സെന്റൊന്നിന് 40228/- രൂപ വരെ ഗ്രാമപഞ്ചായത്തിന് അനുവദിക്കാൻ സാധിക്കുമെന്നും, ഈ തുകയ്ക്ക് പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ സംസ്കരണം, ശ്മശാനം എന്നീ പദ്ധതികൾ പൂർത്തിയാക്കുന്നതിന് നൽകാൻ അനുകൂല നടപടി സ്വീകരിക്കണമെന്നും സമിതി അംഗങ്ങൾ സ്ഥല ഉടമയോട് ആവശ്യപ്പെട്ടു. അതു പ്രകാരം ലീഗൽ ഒപീനിയൻ ലഭ്യമാകാത്ത 20.23 Ares (50 സെന്റ്) സ്ഥലം വാങ്ങേണ്ടതില്ലെന്നും ലീഗൽ ഒപീനിയൻ ലഭ്യമായ 40.46 Ares (ഒരു ഏക്കർ) ഭൂമി ആർ ഒന്നിന് റവന്യൂ വകുപ്പ് നിശ്ചയിച്ച 76468/- രൂപയുടെ 30% നഷ്ടപരിഹാരത്തോടെ 40,22,063/- രൂപക്ക് വാങ്ങുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. ടി ശുപാർശ 5.3.2024 ലെ ഭരണസമിതി യോഗത്തിൽ ഐക്യകണ്ഠേന അംഗീകരിച്ചു. തുടർന്ന് 22.1.2024 ന് അസി. എഞ്ചിനീയർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ ഒരു ഏക്കർ വിസ്തൃതിയിലുള്ള സ്ഥലത്തിന്റെ 36.45 സെന്റ് വിസ്തൃതിയിൽ കരിമ്പാറ ഉള്ളതിനാലും ചെരിവ് കൂടുതലായതിനാലും ആ ഭാഗത്ത് നിർമ്മാണം സാധ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

<u>സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.</u>

1. സ്ഥലം വാങ്ങാൻ താൽപര്യ പത്രം ക്ഷണിച്ചതിൽ 135 സെന്റ് ഭൂമിയാണ് ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടത്. എന്നാൽ 150 സെന്റ് സ്ഥലം വിലക്കു നൽകാൻ ശ്രീമതി മേരി തങ്കച്ചൻ തയ്യാറായതായി കാണുന്നു. പഞ്ചായത്തിന്റെ ഭരണ സമിതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീമതി മേരി തങ്കച്ചൻ എന്നവർ പഞ്ചായത്തിന്റെ വൈസ് പ്രസിഡണ്ടാണ് എന്ന് വ്യക്തമാകുന്നു. സർക്കാർ നിശ്ചയിച്ച വില സ്ഥലമുടമ ആവശ്യപ്പെട്ട തുകയേക്കാൾ കുറവായതിനാൽ സ്ഥലം വിൽക്കാൻ താൽപര്യമില്ല എന്നറിയിച്ച സ്ഥലമുടമയുമായി നെഗോഷിയേഷൻ നടത്തുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥയായ വൈസ് പ്രസിഡണ്ടിനെ പർച്ചേസിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

2. 22.1.2024 ന് അസി. എഞ്ചിനീയർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ ഒരു ഏക്കർ വിസ്തൃതിയിലുള്ള സ്ഥലത്തിന്റെ 36.45 സെന്റ് വിസ്തൃതിയിൽ കരിമ്പാറ ഉള്ളതിനാലും ചെരിവ് കൂടുതലായതിനാലും ആ ഭാഗത്ത് നിർമ്മാണം സാധ്യമല്ല എന്ന് അറിയിച്ചത് പരിഗണിച്ചിരുന്നെങ്കിൽ ആകെ അനുയോജ്യമായ സ്ഥലം 63.55 സെന്റ് സ്ഥലം മാത്രമാണ്. 36.45 സെന്റ് സ്ഥലം അനാവശ്യമായി വില കൊടുത്ത് പഞ്ചായത്തിന്റെ പേരിലേക്ക് രജിസ്റ്റർ ചെയ്തു.

3. സ്ഥലം വാങ്ങുന്നതിനുള്ള അനുയോജ്യതാ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 22.1.2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അയച്ച കത്തിൽ പഞ്ചായത്ത് വാങ്ങാനുദ്ദേശിക്കുന്ന ഒരു ഏക്കർ ഭൂമിയിൽ 36.45 സെന്റ് സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ല എന്ന എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിട്ടില്ല.

4. പഞ്ചായത്ത് വാങ്ങാനുദ്ദേശിക്കുന്ന ഒരു ഏക്കർ ഭൂമിയിൽ 36.45 സെന്റ് സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ല എന്ന 22.1.2024 ലെ എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രം സൂചിപ്പിക്കാതെയാണ് സെക്രട്ടറി അനുയോജ്യതാ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപേക്ഷ അയച്ചത്. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് കണ്ടെത്തിയ സ്ഥലം ഖരമാലിന്യ സംസ്കരണ കേന്ദ്രം, ശ്മശാനം എന്നിവ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് തദ്ദേശ ഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ 23.2.2024 ലെ LSGD/JD/Kkd/415/2024-A5 നമ്പർ നടപടിക്രമങ്ങളിലൂടെ ഗ്രാമ പഞ്ചായത്തിനെ അറിയിച്ചത്. ഇതിൽ നിന്നും ശരിയായ വസ്തുതകൾ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളെ അറിയിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയതായി കാണാം.

5. മേൽ അനുയോജ്യതാ സാക്ഷ്യപത്രത്തിൽ എം.സി.എഫ്., ശ്മശാനം എന്നിവയുടെ നിർമ്മാണത്തിന് ഉപയുക്തമാകുന്ന രീതിയിലും വിസ്തൃതിയിലുമായിരിക്കണം സ്ഥലം ഏറ്റെടുക്കേണ്ടത് എന്നും ശ്മശാനത്തിനായി ഏറ്റെടുക്കുന്ന ഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് ആധുനിക രീതിയിലുള്ള ശ്മശാനവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ് എന്നുമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 7.10.2024 ന് ഓഡിറ്റ് ടീം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ പ്രസ്തുത സ്ഥലം സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയ സ്ഥലം അതിരു കെട്ടി സംരക്ഷിച്ചിട്ടില്ല എന്നും, ഏകദേശം 25 സെന്റ് സ്ഥലം ഒരു ഭാഗത്തും ബാക്കി നീളത്തിൽ പഞ്ചായത്ത് വക റോഡിനോട് ചേർന്ന കിടക്കുന്ന കുറച്ചു സ്ഥലവും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പറ്റുന്നവയാണെന്നും കണ്ടു. സ്ഥലത്തിന്റെ ബാക്കി ഭാഗം കരിമ്പാറകൾ നിറഞ്ഞതും അതിനോടു ചേർന്ന താഴ്ചയിൽ കിടക്കുന്ന ഭാഗം വെള്ളം നിറഞ്ഞ കരിങ്കൽ ക്വാറിയാണെന്നും കാണുകയുണ്ടായി. പഞ്ചായത്ത് പദ്ധതിക്കായി പ്രതീക്ഷിച്ച രീതിയിൽ 35 സെന്റ് സ്ഥലം എം.സി.എഫ്. നിർമ്മാണത്തിന് പര്യാപ്തമാണോ എന്നതും ശുചിത്വ മിഷൻ നിഷ്കർഷിക്കുന്ന വിധത്തിൽ ആധുനിക രീതിയിലുള്ള ഒരു ശ്മശാനത്തിനും അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണത്തിനും ഉപയോഗിക്കാൻ പറ്റുന്ന സൗകര്യത്തിലുള്ള സ്ഥലം ഉണ്ടോ എന്നതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. 5.3.2024 ലെ ഭരണ സമിതി തീരുമാനം നമ്പർ 1/1 പ്രകാരം 40,22,063/- രൂപക്ക് 40.46 ആർസ് (ഒരു ഏക്കർ) ഭൂമി വാങ്ങുന്നതിന് ഐക്യകണ്ഠേന തീരുമാനമായി. എന്നാൽ പ്രസ്തുത യോഗത്തിൽ 36.45 സെന്റ് സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ല എന്ന എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ അഭിപ്രായം പരിഗണിക്കാതെ ജോയിന്റ് ഡയറക്ടറുടെ അനുമതി മാത്രം കണക്കിലെടുത്താണ് നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമല്ലാത്ത കരിമ്പാറകൾ ഉൾപ്പെടുന്ന 36.45 സെന്റ് ഭൂമി കൂടി ഉൾപ്പെടെ ഒരു ഏക്കർ ഭൂമി 40,22,063/- രൂപക്ക് വാങ്ങി 20.3.2024 ന് 424-ാം നമ്പറായി പഞ്ചായത്തിന്റെ പേരിലേക്ക് രജിസ്റ്റർ ചെയ്തത്.

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് 7.10.2024 ന് നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമല്ലാത്ത സ്ഥലം വാങ്ങുന്നതിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമല്ലാത്ത 36.45 സെന്റ് കൂടി ഉൾപ്പെടുത്തി ഒരു ഏക്കർ ഭൂമി 40,22,063/-രൂപക്ക് വാങ്ങാൻ ഐക്യകണ്ഠേന തീരുമാനമെടുത്ത 5.3.2024 ലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത ജനപ്രതിനിധികൾ, ടി സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാധ്യമല്ല എന്ന വസ്തുത കോഴിക്കോട് തദ്ദേശഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽ പെടുത്താതിരുന്ന സെക്രട്ടറി എന്നിവരിൽ നിന്നും 36.45 സെന്റ് സ്ഥലം വാങ്ങുന്നതിന് 14,66,042/- രൂപ (40,22,063 X 36.45/100) ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ശ്മശാനം, എം.സി.എഫ്. എന്നിവയുടെ നിർമ്മാണത്തിന് പ്രസ്തുത സ്ഥലം പൂർണ്ണമായും അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പരിശോധനാ റിപ്പോർട്ട് ലഭ്യമായി പദ്ധതിക്കുള്ള സ്ഥലത്തിന്റെ അനുയോജ്യത ബോധ്യപ്പെടും വരെ തൻവർഷത്തെ ചെലവ് തുക 10,22,063/- രൂപ തടസ്സത്തിൽ വെക്കുന്നു. അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സോളാർ പവർ പ്ലാന്റ് - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 255/24 (സോളാർ പവർ ഇൻസ്റ്റലേഷൻ |
| പദ്ധതി അടങ്കൽ | 12 ലക്ഷം രൂപ (8 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 4 ലക്ഷം രൂപ തനതു ഫണ്ട് |

| | |
|---|---|
| ചെലവ് | 12 ലക്ഷം രൂപ |
| ബിൽ നം./തിയ്യതി | തുക |
| 545/30.02024 | 8 ലക്ഷം രൂപ |
| 546/30.3.2024 | 4 ലക്ഷം രൂപ |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനു മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനർട്ടിൽ തുക നിക്ഷേപിക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. അനർട്ടിന്റെ ജില്ലാ എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും 10 Kwp ഹൈബ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിക്കാൻ ഗ്രാമ പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലം അനുയോജ്യമാണെന്നും 15.12.2023 ന് റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ പഠന റിപ്പോർട്ട്, ടെക്നിക്കൽ സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ ബില്ലുകൾ പ്രകാരം 12 ലക്ഷം രൂപ അനർട്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 31.3.2024 ന് അനർട്ട് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുമായി കരാർ ഒപ്പു വെച്ചിട്ടുണ്ട്. കരാർ പ്രകാരം തുക നിക്ഷേപിച്ച തിയ്യതി മുതൽ 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് നൽകേണ്ടതാണ്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. അനർട്ടിൽ നിന്നും ഇതുവരെയുള്ള ധനവിനിയോഗ വിവരം ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തീകരിച്ച് അറിയിക്കേണ്ടതും ഒപ്പം വാറണ്ടി, AMC എന്നിവ സംബന്ധിച്ച വിവരങ്ങളും അറിയിക്കേണ്ടതാണ്. 12 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-19 വിനിയോഗം, കൈപ്പറ്റ് എന്നിവ ഇല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്ക് ചെലവാക്കിയ തുകകളുടെ വിനിയോഗവിവരം, കൈപ്പറ്റു രശീതി എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം./ പേര് | തുക | ബിൽ നം./ തിയ്യതി | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 155/24 (തലക്കുളത്തൂർ ടെക്നോളജി ഇൻക്യുബേ ഷൻ സെന്റർ- തുക കൈമാറൽ) | 50,000/- രൂ. (വികസന ഫണ്ട്) | 233/28.12.23 | ജില്ലാ പഞ്ചായ ത്തിന് തുക നൽകി |
| 190/24 (ABC പദ്ധതി) | 1,00,000/-രൂ. (തനത് ഫണ്ട്) | 49/1.7.23 | ജില്ലാ പഞ്ചായത്തിന് തുക നൽകി |
| 91/24 (അഗ്രി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ തുക കൈമാറൽ) | 50,000/-രൂപ (വികസന ഫണ്ട്) | 234/28.12.23 | ജില്ലാ പഞ്ചായ ത്തിന് തുക നൽകി |
| 90/24 (ABC സെന്റർ - പഞ്ചായത്ത് വിഹിതം കൈമാറൽ) | 25,000/- രൂപ (വികസന ഫണ്ട്) | 310/5.2.24 | ജില്ലാ പഞ്ചായ ത്തിന് തുക നൽകി |
| 71/24 (ABC പദ്ധതി New) | 25,000/- രൂപ (വികസന ഫണ്ട്) | 311/5.2.24 | ജില്ലാ പഞ്ചായ ത്തിന് തുക നൽകി |

മേൽ പറഞ്ഞ തുകകളുടെ വിനിയോഗ വിവരം/ കൈപ്പറ്റ് രശീതി എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 2,50,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-20 കുടുംബാരോഗ്യ കേന്ദ്രത്തിലേക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 100/24 (FHC യിലേക്ക് മരുന്നു വാങ്ങൽ) |
| പദ്ധതി അടങ്കൽ | 5 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 5 ലക്ഷം രൂപ |
| ബിൽ നമ്പർ/ തിയ്യതി | 170/13.11.23 |

കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങുന്നതിന് മേൽ ബിൽ പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ 4,28,051/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 71,949/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 71,949/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. - 187/24

അടങ്കൽ – 1,20,000/-, വികസന ഫണ്ട് (എസ്.സി.പി)

23,082/-, തനത് ഫണ്ട്

1,43,082/- (ആകെ)

ചെലവ് - 1,43,082/-

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ചെലവ് വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/തുക |
|---|---|---|
| 1 | ശ്രീ.ചന്ദ്രൻ.ജി | 55/4.7.2023 – 68,082/- |
| 2 | ശ്രീ.വിനു, കയ്യൂളി | 159/10.11.2023 – 51,918/-<br>160/10.11.2023 – 23,082/-<br>75,000/- (ആകെ) |

പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ മക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകിയിട്ടുള്ളത്. എന്നാൽ വിദ്യാർത്ഥികളാണ് എന്ന് തെളിയിക്കുന്നതിന് വിദ്യാഭ്യാസസ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, പട്ടികജാതി വിഭാഗത്തിൽപെട്ടതാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ, വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. സർക്കാർ നിർദ്ദേശ പ്രകാരം 800ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠന മുറിയാണ് നിർമ്മിക്കേണ്ടത്. ഈ വിസ്തൃതിയിൽ നിർമ്മാണം നടത്താൻ ആവശ്യമായ സ്ഥലസൗകര്യമില്ലാത്ത സാഹചര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ 100 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തൃതിയിൽ നിർമ്മിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. എന്നാൽ വീടിന്റെ നിലവിലുള്ള വിസ്തൃതി, നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ

ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ തന്നെ വിസ്തൃതി സംബന്ധിച്ച് സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നത് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പഠനമുറിയുടെ വൈദ്യുതീകരണ പ്രവൃത്തികളുൾപ്പെടെ നിർമ്മാണത്തിന് നൽകാവുന്ന പരമാവധി ധനസഹായം രണ്ടു ലക്ഷം രൂപയാണ്. സ.ഉ.(സാധാ) നം.1877/2023/LSGD/21.9.23 ഉത്തരവ് പ്രകാരം 4 ഗഡുക്കളായി തുക അനുവദിക്കാവുന്നതാണ്. എന്നാൽ ആനുകൂല്യം നൽകുന്ന ഗുണഭോക്താക്കൾക്ക് എത്ര ഗഡു തുക നൽകിയെന്നതും, നിർമ്മാണഘട്ടം വീക്ഷിക്കുന്നതിനും തക്കവണ്ണം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ ഘട്ടത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ക്രമ നം. 2 പ്രകാരമുള്ള ഗുണഭോക്താവ് പഠനമുറി തൃപ്തികരമായി പൂർത്തീകരിച്ചതായുള്ള 6-ാം വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 75,000/-രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/7.10.24) മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,43,082/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 1,37,447 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 115/24, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും സൺഡ്രീസും ലഭ്യമാക്കൽ |
| അടങ്കൽ | 2,00,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 2,00,000/- (ബിൽ നം. 232/23-24 തീയതി 28.12.2023 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്റ്റ് പ്രകാരം കുടരഞ്ഞി ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നും സൺഡ്രീസും ലഭ്യമാക്കുന്നതിനായി 2,00,000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി (30.9.2024) വരെ 62,553/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (1,37,447/-രൂപയുടെ) മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി നം.36/GHDK/24 തീയതി 29.7.2024 പ്രകാരം ഹോംകോയ്ക്ക് കത്ത് നൽകിയതായി ഫയൽ പ്രകാരം കാണുന്നു. തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/5.10.24) മറുപടി സമർപ്പിച്ചിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി അറിയിക്കുന്നത് വരെ 1,37,447/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-23 പുഴ സൈഡ് കെട്ട് പ്രവൃത്തികളിൽ ഏകീകൃത സ്വഭാവമില്ല

ഓഡിറ്റ് വർഷം പുഴ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ഒരേതരം നിർമ്മാണങ്ങൾക്ക് വ്യത്യസ്ത രീതികൾ അവലംബിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണത്തിന് വീട്ടിപ്പാറ പുഴയുടെ സൈഡ് കെട്ടുന്നതിന് 2 പദ്ധതികൾ തയ്യാറാക്കിയതിൽ ഒന്ന് DSR അടിസ്ഥാനപ്പെടുത്തിയും രണ്ടാമത്തെ പ്രവൃത്തി മോർഡ് സ്പെസിഫിക്കേഷൻ അടിസ്ഥാനപ്പെടുത്തിയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | പ്രവൃത്തി വിശദാംശം/ ചെലവിന്റെ വിശദാംശം | ഉപയോഗപ്പെടുത്തിയ ഇനങ്ങൾ/നിരക്ക് | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 172/24 – വീട്ടിപ്പാറ പുഴ സൈഡ് കെട്ടൽ | കരിങ്കൽ സൈഡ് ഭിത്തി കെട്ടൽ (മിഡ്ഡിൽ ബെൽറ്റ്, ടോപ്പ് ബെൽറ്റ് ഉൾപ്പെടെ) ബിൽ നം.38/23.6.23 – 267007/- | മണ്ണെടുക്കൽ - 3.5.1 – 360.75/M3 കരിങ്കൽകെട്ട് - OD For DR – 3660.07/M3 മിഡ്ഡിൽ/ ടോപ്പ് ബെൽറ്റ് - 75.8.1.1 – 8348.76/M3 | 2022-23 വർഷം 233/23 നമ്പർ പ്രൊജക്ടായി ആരംഭിച്ച പദ്ധതി. മോർഡ് സ്പെസിഫി ക്കേഷൻ അടിസ്ഥാ നപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി |
| 214/24 – വീട്ടിപ്പാറ - കുട്ടക്കര പുഴ സൈഡ് കെട്ട് | കരിങ്കൽ സൈഡ് ഭിത്തി കെട്ടൽ (മിഡ്ഡിൽ ബെൽറ്റ്, ടോപ്പ് ബെൽറ്റ് ഉൾപ്പെടെ) ബിൽ നം.512/25.3.24 – 62308/- ബിൽ നം.518/26.3.24 – 312000/- ബിൽ നം.530/26.3.24 – 105000/- ആകെ – 1040018/- | മണ്ണെടുക്കൽ 2.8.1 – 298.84/M3 കരിങ്കൽകെട്ട് - 60.7.1 – 3513.36/M3 മിഡ്ഡിൽ/ ടോപ്പ് ബെൽറ്റ് - 5.1.3 – 8642.34/M3 | 2018 DSR അടിസ്ഥാ നപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി |
| 212/24 – കുമ്പാറ പുഴ സൈഡ് കെട്ട് | കരിങ്കൽ സൈഡ് ഭിത്തി കെട്ടൽ (മിഡ്ഡിൽ ബെൽറ്റ്, ടോപ്പ് ബെൽറ്റ് ഉൾപ്പെടെ) ബിൽ നം.355/11.3.24 – 480864/- ബിൽ നം.398/23.3.24 – 772763/- ആകെ – 1253627/- | മണ്ണെടുക്കൽ - 11.1.1.1- 769.56/M3 കരിങ്കൽകെട്ട് - OD For DR – 3660.07/M3 മിഡ്ഡിൽ/ ടോപ്പ് ബെൽറ്റ് - 75.8.1.1 – 8348.76/ M3 | മോർഡ് സ്പെസിഫി ക്കേഷൻ അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി |

മോർഡ് സ്പെസിഫിക്കേഷൻ അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റുണ്ടാക്കുന്നതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ കൂടുതൽ ചെലവ് പഞ്ചായത്തിനുണ്ടാകുന്നു. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലൊന്നും മേൽ വിവരിച്ച പ്രകാരം ചില പ്രവൃത്തികളിൽ നിരക്ക് കൂടിയ ഇനങ്ങൾ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. റോഡിതര പ്രവൃത്തിയ്ക്ക് മോർഡ് അടിസ്ഥാനപ്പെടുത്താനുണ്ടായ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/5.10.24) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ കെട്ടിടനിർമ്മാണങ്ങൾ ഒഴികെയുള്ള പ്രവൃത്തികൾക്ക് മോർഡ് അടിസ്ഥാനപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കാറുള്ളതെന്നും 214/24 പ്രവൃത്തിയിൽ തെറ്റായി DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതാണെന്നും

അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. റോഡ്/റോഡ് അനുബന്ധപ്രവൃത്തികൾക്കാണ് മോർഡ് ഡാറ്റ അടിസ്ഥാനപ്പെടുത്തേണ്ടത്. കെട്ടിടനിർമ്മാണങ്ങൾ ഒഴികെയുള്ള പ്രവൃത്തികൾക്ക് മോർഡ് അടിസ്ഥാനപ്പെടുത്താമെന്ന സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഉത്തരവ് ഹാജരാക്കുന്നത് വരെ മോർഡ് സ്പെസിഫിക്കേഷൻ അടിസ്ഥാനപ്പെടുത്തി നിർവ്വഹിച്ച പ്രവൃത്തികൾക്കായി ചെലവഴിച്ച 15,20,634/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-24 തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സിമന്റിന്റെ വില ഉറപ്പാക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.8.2022 ലെ NREGA/24/2022-A3 നമ്പർ കത്ത് പ്രകാരം SECURE സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് അതേപടി വെണ്ടർമാർക്ക് നൽകുന്നത് വിലക്കികൊണ്ട് നിർദ്ദേശം നൽകിയിരുന്നു. സിമന്റ് ഒരു പാക്ക്ഡ് കമ്മോഡിറ്റി ആയതിനാൽ മാർക്കറ്റ് വിലയേ നൽകേണ്ടതുള്ളൂവെന്നും, ടെണ്ടർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ വിതരണം ചെയ്യുന്ന സിമന്റ് ബ്രാൻഡിന്റെ പേര്(വ്യത്യസ്ത ബ്രാൻഡുകൾക്ക് വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ തുക നൽകിയ വിവിധ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ വെണ്ടർമാർ സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിലൊന്നും സിമന്റ് ബ്രാൻഡിന്റെ പേര് രേഖപ്പെടുത്തുന്നില്ല. കൂടാതെ ജി.എസ്.ടി. ബില്ലിൽ രേഖപ്പെടുത്തുന്നത് ടെണ്ടറിൽ അവർ രേഖപ്പെടുത്തിയ നിരക്കാണ്. ഓഡിറ്റിന് വിധേയമാക്കിയ വിവിധ പ്രവൃത്തികളിൽ ഒരു ടൺ സിമന്റിന്റെ വില 11228.16 രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഇതു പ്രകാരം ഒരു ചാക്ക് സിമന്റിന് 561/- രൂപയാണ് വില വരുക. ഓഡിറ്റ് വർഷം പേയ്മെന്റ് നൽകിയ കള്ളിപ്പാറ പെരുമ്പിലാപ്പുഴ റോഡ്, പീടികപ്പാറ കോടശ്ശേരി കാവ് ലിങ്ക് റോഡ് എന്നീ പ്രവൃത്തികളിൽ കരാറുകാരന് ഒരു ടൺ സിമന്റിന് 10,500/- രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. അതായത് ഒരു ചാക്ക് സിമന്റിന് 525/- രൂപ. എന്നാൽ മാർക്കറ്റിൽ ഒരു ചാക്ക് സിമന്റിന് ഈ വിലയില്ലായെന്നിരിക്കെ വിതരണം ചെയ്ത സിമന്റ് ഏതു ബ്രാൻഡാണെന്ന് ഉറപ്പാക്കാതെയും, യഥാർത്ഥ വില അന്വേഷിക്കാതെയും വെണ്ടർമാർക്ക് തുക അനുവദിക്കുന്നത് എന്തടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല. മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ സിമന്റിന് വെണ്ടർമാർ ആവശ്യപ്പെടുന്ന നിരക്കിൽ തുക നൽകുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/7.10.24) മറുപടി സമർപ്പിച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിക്ക് ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നത് പദ്ധതി പ്രവർത്തനത്തെ പരിമിതപ്പെടുത്തുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 എ.സി.ആർ - ചെലവുപത്രിക വ്യത്യാസം പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന വിവിധ പ്രൊജക്ടുകളിലെ ചെലവ് ബില്ലുകൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുമ്പോൾ തന്നെ നിലവിൽ ബന്ധപ്പെട്ട ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (എ.സി.ആർ) ചെലവു രേഖപ്പെടുത്തപ്പെടുന്നുണ്ട്. ഈ ബില്ലുകൾ ട്രഷറിയിൽ പാസാകാതിരിക്കുകയോ, ക്യൂ ബിൽ ആയി മാറുകയോ ചെയ്യുന്ന സാഹചര്യത്തിലും ബന്ധപ്പെട്ട ബില്ലുകൾ

എ.സി.ആറിൽ ചെലവായി തന്നെയാണ് കാണപ്പെടുന്നത്. എന്നാൽ ട്രഷറിയിൽ ബില്ലുകൾ പാസാവുന്ന മുറയ്ക്ക് മാത്രമേ സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തപ്പെടുന്നുള്ളൂ. ഈ സാഹചര്യത്തിൽ എ.സി.ആർ പ്രകാരമുള്ള ചെലവും, സുലേഖ ചെലവു പത്രിക പ്രകാരമുള്ള ചെലവും വത്യാസപ്പെട്ടിരിക്കുന്നതായി കണ്ടു വരുന്നു [ ഉദാഹരണം : കുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് - ജനറൽ ചെലവ് എ.സി.ആർ പ്രകാരം (ജി.ഒ പ്രൊജക്ടുകൾ ഒഴികെ) 1,96,85,151/- രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം 2,15,55,949 /- രൂപയുമാണ്.]

മേൽപ്പറഞ്ഞ രണ്ടിലെയും ചെലവുകൾ താരതമ്യം ചെയ്ത് പരിശോധിക്കുന്നതിലേക്കായി എ.സി.ആറിൽ ചെലവു രേഖപ്പെടുത്തപ്പെട്ടതിന് ശേഷം ട്രഷറിയിൽ പാസാകാതിരിക്കുകയോ, ക്യൂ ബിൽ ആയി മാറുകയോ ചെയ്യുന്നവ എ.സി.ആറിൽ നിന്ന് ഒഴിവാക്കപ്പെടുകയോ, പ്രത്യേകം മാർക്ക് ചെയ്യപ്പെടുകയോ ചെയ്യുന്ന രീതിയിൽ ക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

## 1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ (സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജനസൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020 ലെ സ.ഉ(സാധാ) 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കുടരഞ്ഞി ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 14 |

| | |
|---|---|
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 19970 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 7382 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 2966 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 28 |

2) ഹരിത കർമ്മസേന

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ 2017-2018 സാമ്പത്തിക വർഷത്തിലാണ് വീടുകളിൽ നിന്ന് അജൈവമാലിന്യം ശേഖരിക്കുന്ന പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഇന്ന് നിലവിലുള്ള രീതിയിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത് 2019 സെപ്റ്റംബർ മാസത്തിലാണ്. യൂസർ ഫീ കൈകാര്യം ചെയ്യുന്നതിനായി 09.09.2019 ന് ഹരിതകർമ്മസേന ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല.

3) മാലിന്യ ശേഖരണം

നിലവിൽ മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളിൽ നിന്ന് ചാക്കൊന്നിന് 50/- രൂപയും കടകളിൽ നിന്ന് 100/- രൂപയുമാണ് ഈടാക്കി വരുന്ന യൂസർ ഫീ.

4) മാലിന്യ ശേഖരണ കാര്യക്ഷമത

2023 മാർച്ച് മാസത്തിലും, 2024 ഫെബ്രുവരി മാസത്തിലും യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. (2023 ഫെബ്രുവരി മാസാവസാനം മാലിന്യം ശേഖരിച്ചതിന് ശേഷം 2024 ഏപ്രിലിലാണ് വാതിൽപ്പടി ശേഖരണ നടന്നിട്ടുള്ളത്)

| | 2023 മാർച്ച് മാസം | | 2024 ഫെബ്രുവരി മാസം | |
|---|---|---|---|---|
| | വീടുകൾ | കെട്ടിടങ്ങൾ | വീടുകൾ | കെട്ടിടങ്ങൾ |
| യൂസർ ഫീ പിരിച്ചെടുക്ക പ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 1600 | 46 | 3673 | 408 |
| പിരിച്ചെടുത്ത ആകെ യൂസർ ഫീ | 98950 | 2300 | 230450 | 22950 |

യൂസർ ഫീ നൽകാൻ കഴിവില്ലാത്ത 87 അതിദരിദ്ര കുടുംബങ്ങളും, 54 അഗതി ആശ്രയ കുടുംബങ്ങളും ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഇവരുടെ യൂസർ ഫീ ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിനുള്ള പ്രൊജക്ട് ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുണ്ട്. (പ്രൊജക്ട് നം. 232/23-24, നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെലവ് 79,400/- രൂപ)

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് പതിച്ച് കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വീടുകൾ | കെട്ടിടങ്ങൾ |
|---|---|
| 5110 | 1328 |

മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന പിരിക്കുന്ന യൂസർ ഫീ കൈകാര്യം ചെയ്യുന്നതിനായി കേരള ഗ്രാമീണ ബാങ്കിന്റെ കൂടരഞ്ഞി ശാഖയിലാണ് സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് (അക്കൗണ്ട് നം. 40180101039151). പ്രസ്തുത അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 2,52,213/- രൂപയാണ്. 2023-24 സാമ്പത്തിക വർഷം ഹരിതകർമ്മസേനയുടെ വരുമാനവും ചെലവുകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| സാമ്പത്തിക വർഷം | 2023-24 |
| പിരിച്ചെടുത്ത് യൂസർ ഫീ | 1771966 |
| സെഗ്രിഗേറ്റഡ് വേസ്റ്റിൽ നിന്നുള്ള വരുമാനം | 121521 |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 1901535 |

5) മാലിന്യ നീക്കം

ഹരിതകർമ്മസേന ശേഖരിക്കുന്ന തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ടെണ്ടർ വിളിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി കരാറിലേർപ്പെട്ടു വരുന്നുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുള്ള ഏജൻസികളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| വർഷം | ഏജൻസി | ഒരു കി.ഗ്രാം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള കരാർ തുക |
|---|---|---|
| 2023 | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ്, വെസ്റ്റ് ഹിൽ, കോഴിക്കോട് | 6.93/- |
| 2024 | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ്, വെസ്റ്റ് ഹിൽ, കോഴിക്കോട് | 6.99/- |

റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള തുക നിലവിൽ ഗ്രാമപഞ്ചായത്താണ് ഏജൻസികൾക്ക് നൽകി വരുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്ത വകയിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഏജൻസികൾക്ക് നൽകിയ തുകകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | നീക്കം ചെയ്ത റിജക്റ്റഡ് വേസ്റ്റ് (കി.ഗ്രാം) | നൽകിയ തുക |
|---|---|---|---|
| 1 | 2022-23 | 21504 | 276601 |
| 2 | 2023-24 | 158210 | 875493 |

മാലിന്യം നീക്കം ചെയ്തതിന് ശേഷം ഏജൻസി ലഭ്യമാക്കുന്ന അളവു തൂക്ക ബില്ലുകളുടെ അടിസ്ഥാനത്തിലാണ് അവർക്ക് കരാർ പ്രകാരമുള്ള തുക നൽകി വരുന്നത്. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ വെയ്ബ്രിഡ്ജ് ഇല്ലാത്തതിനാൽ സമീപ പ്രദേശങ്ങളായ മുക്കം, താമരശ്ശേരി എന്നിവിടങ്ങളിലെ വെയ്ബ്രിഡ്ജുകളിൽ വെച്ചാണ് മാലിന്യം കയറ്റിക്കൊണ്ടു പോകുന്ന വാഹനങ്ങളുടെ തൂക്കമെടുത്ത് വരുന്നത്. തൂക്കമെടുക്കുമ്പോൾ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോ ഹരിതകർമ്മസേനയോ ആയതിന് മേൽനോട്ടം വഹിക്കുന്നുണ്ടോ എന്ന് രേഖകളിൽ നിന്ന് വ്യക്തമല്ല. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണ്.

6) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നില്ല. എന്നാൽ വീടുകളിൽ വച്ചു തന്നെ ഒരു പ്രാഥമിക വേർതിരിവ് സേന നടത്തുന്നുണ്ട്. തുടർന്ന് എം.സി.എഫിൽ വച്ച് വിശദമായ വേർതിരിവ് നടത്തുകയും, പുനരുപയോഗ യോഗ്യമായ മാലിന്യങ്ങൾ വിറ്റ് കയ്യൊഴിയുകയും, ശേഷിക്കുന്നവ മാലിന്യനീക്ക ഏജൻസിക്ക് നൽകുകയുമാണ് ചെയ്യുന്നത്.

7) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം 29 ഡോർ ടു ഡോർ ക്യാമ്പയിനും, 8 മാസ് ക്യാമ്പയിനും നടത്തിയിട്ടുണ്ട്. വിളംബര ജാഥ, ശുചിത്വ റാലി, പൊതുശുചീകരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ പ്രോൽസാഹിപ്പിക്കുന്ന വിവിധ പരിപാടികളും, ക്ലാസുകളും നടത്തി വരുന്നുണ്ട്.

8) തൊഴിൽ സൃഷ്ടിക്കൽ

മാലിന്യശേഖരണം നടത്തുന്ന സേനാംഗങ്ങൾക്ക് ദിവസ വേതനമായി 500/- രൂപയാണ് നൽകി വരുന്നത്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതല്ലാതെ ഹരിതകർമ്മ സേനയുടേതായി മറ്റ് സംരംഭങ്ങളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല.

9) അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമ്മസേനയ്ക്ക് യൂണിഫോമും മറ്റു സുരക്ഷാ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് വാങ്ങി നൽകി വരുന്നുണ്ട്. വാർഡുകളിൽ നിന്ന് എം.സി.എഫിലേക്ക് മാലിന്യമെത്തിക്കുന്നതിനായി വാഹനവും ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ ഡ്രൈവറെ ദിവസ വേതനത്തിൽ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. ഡ്രൈവറുടെ വേതനവും ഇന്ധന ചാർജ്ജും നിലവിൽ ഗ്രാമപഞ്ചായത്താണ് നൽകി വരുന്നത്.

10) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ കൂട്ടക്കര എന്ന സ്ഥലത്തുള്ള എസ്.സി വ്യവസായ കേന്ദ്രം കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിച്ചു വരുന്നത്. ഇവിടെയുള്ള ഷെഡ്ഡിൽ സെഗ്രിഗേഷൻ നടത്തുന്നതിനുള്ള സ്ഥലസൗകര്യം കുറവാണ്. സെഗ്രിഗേറ്റ് ചെയ്യപ്പെട്ട മാലിന്യങ്ങൾ സംഭരിച്ചു വയ്ക്കാനാണ് ഷെഡ്ഡ് പ്രധാനമായും ഉപയോഗിച്ചു വരുന്നത്. സെഗ്രിഗേഷൻ പ്രവൃത്തികൾ എം.സി.എഫ് കെട്ടിടത്തിന് പുറത്തു വച്ചാണ് ഇപ്പോൾ നടന്നു വരുന്നത്.

കൂടുതൽ സൗകര്യപ്രദമായ എം.സി.എഫ് നിർമ്മിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ 188/23-24 (ഖരമാലിന്യം സംസ്കരണം, ശ്മശാനം സ്ഥലമെടുപ്പ്) എന്ന പ്രൊജക്ട് പ്രകാരം ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 9-ാം വാർഡിൽ ആനയോട് എന്ന പ്രദേശത്ത് സ്ഥലം വാങ്ങിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം, വികസന ഫണ്ട് എന്നിവ ചെലവഴിച്ച് പ്രസ്തുത പ്രൊജക്റ്റ് പ്രകാരം വാങ്ങിയ സ്ഥലത്ത് നിലവിൽ നിർമ്മാണ പ്രവൃത്തികളൊന്നും ആരംഭിച്ചിട്ടില്ല (ഇതു സംബന്ധിച്ച ഖണ്ഡിക 3-3 കൂടി കാണുക).

11) പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ട പരിശീലന പരിപാടികളൊന്നും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.

12) പ്രവർത്തന അവലോകനം

ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്തു വരുന്നുണ്ട്.

13) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

നിലവിൽ ഗ്രാമപഞ്ചായത്തിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ

സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

1. ഹരിതകർമ്മസേന കുടുംബശ്രീക്ക് കീഴിലുള്ള കൺസോർഷ്യമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
2. ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.
3. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാദ്ധ്യത ഒഴിവാക്കാവുന്നതുമാണ്.
4. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണ്.
5. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതൽ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
6. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.
7. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണ മേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.
8. മാലിന്യ നീക്കത്തിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ നൽകിയ വാഹനം ഓടിക്കുന്നതിനാവശ്യമായ ഡ്രൈവിങ്ങ് പരിശീലനം ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൂടരഞ്ഞി കമ്മ്യൂണിററി ഹാൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 219/24,

കൂടരഞ്ഞി കമ്മ്യൂണിററി ഹാൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

അടങ്കൽ - 3,30,364/- കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)

2,29,636/-, തനത് ഫണ്ട്

5,60,000/- (ആകെ)

ചെലവ് തുക - 2,74,364/-, ബിൽ നം.504/24.3.24

56,000/-, ബിൽ നം.505/24.3.24

1,28,026/-, ബിൽ നം.506/24.3.24

4,58,390/- (ആകെ)

കരാറുകാരൻ - ജോർജ്.പി.വി

കൂടരഞ്ഞി കമ്മ്യൂണിററി ഹാൾ കോമ്പൗണ്ടിൽ ഇന്റർലോക്ക് പതിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിക്കായി മണ്ണെടുക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഇനം 2.8.1 ആണ്. ട്രഞ്ച് നിർമ്മാണങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന ഈയിനം ഉൾപ്പെടുത്തി നടത്തിയിരിക്കുന്നത് ശരാശരി 17 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും മണ്ണെടുക്കുന്ന പ്രവൃത്തിയാണ്. വലിയ വിസ്തൃതിയിൽ മണ്ണെടുക്കുന്നതിന് ഉപയോഗപ്പെടുത്താവുന്ന ഇനം 2.6.1 ആണെന്നിരിക്കെ ട്രഞ്ച് നിർമ്മാണത്തിന്റെ ഇനം തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല. 2018 DSR നിരക്കിൽ 36.44% കോസ്റ്റ് ഇൻഡക്സിൽ ഇനം 2.6.1 ന് വേണ്ടി വരുമായിരുന്ന നിരക്ക് 215.37 രൂപയാണ്. അതിന് പകരം ഇനം 2.8.1 ഉൾപ്പെടുത്തിയതിനാൽ അധിക നിരക്ക് കരാറുകാരന് ലഭിച്ചു. കരാറുകാരന് നൽകിയ തുകയുടേയും, നൽകാവുന്ന തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 2.8.1 (DAR ഇനം) | 2.8.1 | 2.6.1 | 7507/- |
| (16.30+17.72)/2X (15.35+15.70)/ 2 X 0.35 =92.428m3 | 92.428@298.84 = 27621.18<br>(-)Tender Variation 2.7% - 745.77<br>26875.41 | 92.428@215.37 = 19906.22<br>(-)Tender Variation 2.7% - 537.47<br>19368.75 | |

ഈ വിധം മണ്ണ് പ്രവൃത്തിയ്ക്ക് ആകെ 7,507 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. മുകളിൽ വിവരിച്ച പ്രകാരം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/5.10.24) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ അധികം നൽകിയ തുക പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ അടയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 7,507/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-2 ട്രസ്സ് വർക്ക് പെയിന്റിംഗിന് അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 207/24, കുമ്പാറ ഹോമിയോ ആശുപത്രി യോഗ ഹാൾ സജ്ജീകരണം

അടങ്കൽ - 4,50,000/-, എക്സ്റ്റേണലി എയ്ഡഡ് പരിപാടി

4,50,000/-, മെയിന്റനൻസ് ഫണ്ട് റോഡിതരം

9,00,000/- (ആകെ)

ചെലവ് തുക - 2,92,190/-, ബിൽ നം.302/5.2.24(പാർട്ട് ബിൽ)

കരാറുകാരൻ - കൂടരഞ്ഞി ലേബർ കോൺട്രാക്ട് കോ -ഓപ്പറേറ്റീവ് സൊസൈറ്റി

ഹോമിയോ ഹോസ്പിറ്റലിന്റെ പഴയ ബിൽഡിംഗിൽ യോഗ ഹാൾ സജ്ജീകരിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയത്. തകർന്ന മേൽക്കൂര മുഴുവനായും നീക്കി ട്രസ്സ് വർക്ക് ചെയ്ത് ഓടിട്ട് കൊണ്ട് നിർമ്മാണം നടത്തുവാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ട്രസ് വർക്കിനുള്ള സ്റ്റീലിനായി PRICE ലെ ഇനം 10.16.2 ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ, റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ കോട്ട് നൽകുന്നതിനുള്ള നിരക്കു കൂടി (ഇനം 13.50.3) ഉൾപ്പെടുന്നതാണ് ഇതിന്റെ നിരക്ക് എന്ന് കാണാം. ഇനം 13.50.3 പ്രകാരം പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് താഴെ കൊടുക്കുന്നു.

| Code | Discription | Rate |
|---|---|---|
| 4202 | Red Oxide Zinc Chromate Primer | 59.40 |
| 9977 | Carriage | 1.04 |
| 0131 | Painter | 162.96 |
| 0115 | Coolie | 133.92 |
| 9999 | Brushes, Sand Paper Including Sundries | 21.58 |
| Total For 10sqm | | 378.90 |
| 1 Sqm | | 37.89 |
| Add Water Charge @ 1% | | 0.38 |
| Total | | 38.27 |
| 15% CPOH | | 5.74 |
| Total | | 44.01 |
| Cost Index 36.44% | | 16.04 |
| Total Cost Of 1m$^2$ | | 60.05 |

ഇനം 13.50.3 പ്രകാരം 93.498m$^2$ വിസ്തൃതിയിൽ പ്രൈമർ കോട്ട് നൽകുന്നതിന് 60.05 നിരക്കിൽ 5,615/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സ്റ്റീലിന്റെ പെയിന്റിംഗിനായി ഇനം 17 ആയി PRICE ലെ ഇനം 13.52.1 ഉൾപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിന്റെ ഡാറ്റാ പരിശോധിച്ചാൽ റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ കോട്ട് നൽകി, അതിനു മുകളിൽ എപ്പോക്സി പെയിന്റ് നൽകുന്നതിനുള്ള നിരക്കാണിതെന്ന് വ്യക്തമാകുന്നു. പാർട്ട് ബിൽ പ്രകാരം 93.498m$^2$ വിസ്തൃതിയിൽ പ്രൈമർ ഉൾപ്പെടെ എപ്പോക്സി പെയിന്റ് ചെയ്തതിന് 202.28 രൂപ നിരക്കിൽ കരാറുകാരന് 18912.78/-രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രൈമർ നൽകിയിട്ടുള്ള സ്റ്റീലിനു മുകളിൽ വീണ്ടും പ്രൈമർ നൽകി പെയിന്റിംഗ് ചെയ്യുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/5.10.24) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ പെയിന്റിംഗിന് അധികം ചെലവഴിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ അടയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 5,615/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തിയ്യതി |
|---|---|---|
| 2023-24 | 30.09.2024 മുതൽ 08.10.2024 വരെ | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,00,000 | പോത്തിൻകുട്ടി വളർത്തൽ | 1,00,000 |
| | | 29,400 | മുട്ട ഗ്രാമം | 29,400 |
| | | 5,00,000 | ബഡ്സ് സ്കൂൾ നിർമ്മാണം | 5,00,000 |
| | | 1,61,990 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മാനസിക വെല്ലുവിളി നേരിടുന്നവർക്ക് യാത്രാബത്ത വസ്ത്രബത്ത പഠനബത്ത | 1,61,990 |
| | | 10,22,063 | ഖരമാലിന്യ സംസ്കരണം ശ്മശാനം സ്ഥലമെട്ടപ്പ് | 10,22,063 |
| | | 5,00,000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 5,00,000 |
| | | 2,50,000 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 2,50,000 |
| ആകെ | | 25,63,453 | | 25,63,453 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,25,000 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) | 2,25,000 |
| | | 5,00,000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 5,00,000 |
| | | 2,00,000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 2,00,000 |
| | | 4,96,110 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മാനസിക വെല്ലുവിളി നേരിടുന്നവർക്ക് യാത്രാബത്ത വസ്ത്രബത്ത പഠനബത്ത | 4,96,110 |
| | | 6,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 6,00,000 |
| ആകെ | | 20,21,110 | | 20,21,110 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | സോളാർ പവർ ഇൻസ്റ്റലേഷൻ പ്രൊജക്ട് നം. 255/2024 | 545/2024 തീ. 30.03.2024 (8,00,000/- രൂപ) | 12,00,000/- | 0 | 12,00,000/- |

| | | | | | |
|---|---|---|---|---|---|
| | | 546/2024 തീ. 30.03.2024 (4,00,000/- രൂപ) | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

കെ.യു.ആർ.ഡി.എഫ്.സി. വായ്പ

| | വായ്പയുടെ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| വാർഷിക കണക്ക് പ്രകാരം | ലൈഫ് ഭവന പദ്ധതി | 68,59,019 | 1,01,66,539 | 21,15,077 | 0 | 1,49,10,481 |
| ലോൺ രജിസ്റ്റർ പ്രകാരം | | 1,11,32,480 | 44,40,000 | 21,14,807 | 0 | 1,34,57,673 |

ഹഡ്കോ വായ്പ

| വായ്പയുടെ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 0 | 66,00,000 | 0 | 0 | 66,00,000 |

കെ.യു.ആർ.ഡി.എഫ്.സി. വായ്പയുടെ കാര്യത്തിൽ ലോൺ രജിസ്റ്റർ പ്രകാരമുള്ളതാണ് യഥാർത്ഥ കണക്ക് എന്നാണ് ഓഡിറ്റ് വേളയിൽ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് അറിയിച്ചിട്ടുള്ളത്. എന്നാൽ ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. അപാകത സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുള്ളതാണ് (2022-23 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 1-1-10, 4-5). വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ വിശദമായി പരിശോധിച്ച് വാർഷിക കണക്കും ലോൺ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ കാരണം കണ്ടെത്തി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, വരും വർഷത്തെ ധനകാര്യ പത്രികയിൽ അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഇൻവെസ്റ്റ്മെന്റ് | 1,100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഇൻവെസ്റ്റ്മെന്റ് | 1,100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര ഇൻവെസ്റ്റ്മെന്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | രശീതി നമ്പർ / തീയ്യതി | നിക്ഷേപത്തിന്റെ കാലാവധി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| കേരള സർക്കാർ (പ്രോമിസറി നോട്ട്) | MS001170/19.08.1971 | വിവരങ്ങൾ ലഭ്യമല്ല | 1,000 |
| മലപ്പുറം കോ – ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ (ഷെയർ) | 85/8.03.1978 | -- | 100 |
| ആകെ | | | 1,100 |

മുൻവർഷങ്ങളിലെ ധനകാര്യപത്രികകളുടെയും ഓഡിറ്റ് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് മേൽ പട്ടികയിൽ നിക്ഷേപ വിവരങ്ങൾ ചേർത്തിരിക്കുന്നത്. ഇൻവെസ്റ്റ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററോ, നിക്ഷേപ രേഖകളോ ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മലപ്പുറം സ്പിന്നിംഗ് മിൽ അടച്ച് പൂട്ടിയതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഷെയർ നിലനിർത്തി വരുന്നത് നിഷ്ഫലമാണെന്നും, ഷെയർ തുക തിരികെ ലഭ്യമാക്കി നിക്ഷേപ അക്കൗണ്ടിൽ നിന്ന് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 4-6) പരാമർശിച്ചിരുന്നെങ്കിലും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് നിർദ്ദേശം പാലിച്ച് അറിയിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 11.13.43 (1 To 3) | കുടിവെള്ള ജലസേചന പദ്ധതികൾ പരിപാലന കമ്മിറ്റിയ്ക്ക് കൈമാറിയില്ല. | LFAC (19-21) ഖ. 53 ൽ ആനക്കോട് കുടിവെള്ള പദ്ധതി മോട്ടോർ തിരി ച്ചെടുത്ത് ലേലം ചെയ്ത് പഞ്ചായ ത്തിൽ മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമാക്കാൻ നിർദ്ദേശം. |
| 2009-10 | 3-1 | 2014-15 | 4.1.4 | ഖരമാലിന്യ സംസ്കരണ സംവിധാനം | പരാമർശം തുടരുന്നു. |
| 2007-08 | 3-10 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | കെട്ടിട നിർമ്മാണ ത്തിൽ മാത്രം ഒതുങ്ങുന്ന | |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,17,43,550/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,21,33,486/- |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,122/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43,45,175/- |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 7,507/- | ശ്രീ. രാജേഷ്. ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 5,615/- | ശ്രീ. രാജേഷ്. ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 13,122/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-17 | 10,22,063/- | ശ്രീ. സുരേഷ് കുമാർ. കെ, സെക്രട്ടറി | |
| 1-18 | 12,00,000/- | ശ്രീ. സുരേഷ് കുമാർ. കെ, സെക്രട്ടറി | |
| 1-19 | 2,50,000/- | ശ്രീ. സുരേഷ് കുമാർ. കെ, സെക്രട്ടറി | |
| 1-20 | 71,949/- | ഡോ. നസ്റുൽ ഇസ്ലാം, മെഡിക്കൽ ഓഫീസർ (FHC) | |
| 1-21 | 1,43,082/- | ശ്രീ. അജിത്ത്. പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി | 68,082/- |
| | | ശ്രീ. സൂരജ്, അസിസ്റ്റന്റ് സെക്രട്ടറി | 75,000/- |
| 1-22 | 1,37,447/- | ഡോ. ഹബീനത്ത്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | |

| | | |
|---|---|---|
| 1-23 | 15,20,634/- | ശ്രീ. രാകേഷ്.ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 43,45,175/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-17 : നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്ത സ്ഥലം വിലക്ക് വാങ്ങി

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം, ഇ-മെയിൽ ഐ.ഡി |
|---|---|---|
| ശ്രീ. സുരേഷ് കുമാർ. കെ, സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | കിഴക്കയിൽ വീട്, കുന്ദമംഗലം പി. ഒ, കോഴിക്കോട് – 673571 Sureshkizhakkayil@Gmail.Com |
| ശ്രീ. രാജേഷ്. ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | താഴെപൂതാളത്ത് വീട്, ചെറുകുളത്തൂർ പി.ഒ, കോഴിക്കോട് –673008 Rajlsgd@Gmail.Com |
| ശ്രീ. അജിത്ത്. പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുതുപ്പാടി ഗ്രാമപഞ്ചായത്ത് | ശങ്കരമ്പാത്ത്, താമരശ്ശേരി (പി.ഒ), കോഴിക്കോട് Ajithsekhar@Gmail.Com |
| ശ്രീ. സൂരജ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ | കാർത്തിക, എലത്തൂർ (പി.ഒ), കോഴിക്കോട് Soorejak1970@Gmail.Com |
| ഡോ. നസ്റുൽ ഇസ്ലാം, മെഡിക്കൽ ഓഫീസർ (FHC) | മെഡിക്കൽ ഓഫീസർ (FHC), കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | ചേരക്കാട്ടിൽ ഹൌസ്, പുളിക്കൽ (പി.ഒ) Safinasrul@Gmail.Com |
| ഡോ. ഹബീനത്ത്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | റിഥം, നെയ്യൂകുളങ്ങര, ചേവായൂർ Habikm@Gmail.Com |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, {ഖണ്ഡിക നമ്പർ} |
|---|---|---|
| 2001-02 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (1) {10 (CAR)} |
| 2001-02 (DCB) | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി | (1) {1-4} |

| | | |
|---|---|---|
| | 02.05.2023 | |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (3) {2-5, 3-3, 3-5} |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (1) {3-10} |
| 2009-10 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (1) {3-1} |
| 2012-13, 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (4) {3-1, 3-2, 3-3, 3-9} |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (4) {2-3, 3-1, 3-4, 3-16} |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (4) {2-2, 3-6, 3-8, 3-9} |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (7) {2-2, 2-3, 2-5, 3-6 (5), 3-6 (6), 3-10, 3-12} |
| 2017 -18 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (1) {2-3} |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി4/104/2022 തീയതി 02.05.2023 | (5) {1-12, 1-14, 1-18, 1-22, 1-23} |
| 2019-20 | കെ.എസ്.എ/ കെ.കെ.ഡി.പി.4/ 1928/2022 തീയതി 24/03/2024 | (31) {1-1, 1-2-1, 1-4-1, 1-5, 1-8 മുതൽ 1-14 വരെ, 1-16 മുതൽ 1-18 വരെ, 1-20, 1-24, 1-25, 1-26, 1-31, 1-32, 2-1, 2-2, 3-1, 4-10, 4-11} |
| 2020-21 | കെ.എസ്.എ/കെ.കെ.ഡി/ പി4/925/2022 തീയതി 24.02.2024 | (30) {1-1, 1-2, 1-4-1, 1-8, 1-9, 1-10 മുതൽ 1-27 വരെ<br>2-1 മുതൽ 2-3 വരെ, 4-3, 4-6, 4-10, 4-11} |
| 2021-22 | കെ.എസ്.എ/കെ.കെ.ഡി/ പി4/288/23 തീയതി 24.02.2024 | (22) {1-2-1, 1-4-1, 1-5, 1-8 മുതൽ 1-23 വരെ, 3-1, 3-2, 4-8} |
| 2022-23 | കെ.എസ്.എ/കെ.കെ.ഡി/ പി.11/ 1623/2023 തീയതി 18/03/2024 | (29) {1-1, 1-1-1 മുതൽ 1-1-10 വരെ, 1-6, 1-9 മുതൽ 1-21 വരെ, 4-5, 4-6, 4-8, 4-11} |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 4/1 dated 11-06-2024 and submitted on 12-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Koodaranhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Koodaranhi Grama Panchayat as on 31-03-2024

Date: 26/11/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Koodaranhi Grama Panchayat for the Year 2023-2024 .**

**1.Major Observations**

1) Non production of investment and share certificates for verification.
2) Liability of Gramapanchayath regarding the rent payable for Maveli Store not disclosed in AFS.

**2.Other Observations**

1) The following mandatory fincancial statements prescribed in accounting rules are not submitted
1) Basic Ratios 2) Note to Accounts
2) In Cash Flow Statement Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
3) No time bound demand entries in the ledger of Property Tax and Profession Tax.
4) No monthly Reconciliation of ledgers with corresponding registers.
5) No Timely Entry in Bank Books.
6) Discrepancy in Bank Re-conciliation Statements
7) Mismatches in Advance and Deposit Registers with AFS
8) Appropriation Control Registers Not maintained for Grants, Funds and contributions Reieved for Specific Purposes
9) Mismatch between B-4 & B-17 Schedules regarding the balance amount in Jalanidhi Account.
10) Mismatch between AFS & Sulekha statement regarding the expenditure of Plan Fund (SCP)
11) Advance Profession Tax as per Profession Tax Register not tallies with Previous Year AFS.
12) No action taken regarding the Uncleared Cheque for Rs 1,250/- Recieved on 25.09.2018.
13) E-Tender fee In Assistant Engineers Account not transferred to Panchayath account.
14) No Details provided regarding the Amount Shown in the Head Panchayats Distress Relief Fund
15) Closed Bank Account included in the AFS.
16) No value based assesement of balance Stock/Stores. Asset Register does not match with AFS
17) Work Sheet regarding the Calculation of Depreciation of Assets not produced for Verification.
18) Loan Register Mismatches with AFS.
19) Expenditure regarding Maintenance works not reflected in Income and Expenditure Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്